# പ്രസന്നകേരളം


എം- എം.ചെറിയാൻ

## ഓണത്തിന്റെ വെല്ലുവിളി

ഗോകർണ്ണംമുതൽ കന്യാകുമാരി വരെ പരന്നുകിടക്കുന്ന മലയാളക്കരയിലെ ആബാലവൃദ്ധം ജനങ്ങളേയും മധുരസ്മരണകൾകൊണ്ടും അഭിലാഷങ്ങൾ തിങ്ങുന്ന ഭാവനകൾകൊണ്ടും പുളകം കൊള്ളിക്കുന്ന പൊന്നുംചിങ്ങമാസത്തിലെ തിരുവോണം, കേരളത്തിൽനിന്നു നൂറു നൂറു മൈൽ അകലെ വന്നു പാർക്കേണ്ടിവന്നവരെങ്കിലും ബോംബെ പട്ടണത്തിലുള്ള മലയാളികളായ ഞങ്ങൾക്കും ഒരാഹ്ലാദദിനം തന്നെയാണ്.

പടിഞ്ഞാറുള്ള കടൽക്കരയിൽനിന്നും അടിച്ചുയരുന്ന് നമ്മുടെ നാടിന്റെ അനർഘ സമ്പത്തായ കേരവൃക്ഷങ്ങളുടെ ഇലകളെ ഇളക്കിക്കൊണ്ട് സഹ്യനിൽ മറയുന്ന ഇളംകുളിർ മാരുതന്റെ മൃദുല സ്പർശനം ഞങ്ങളെ കുളിർപ്പിക്കുന്നില്ലെങ്കിലും ഓണക്കാലത്ത് വികസിച്ചു വിലസുന്ന ഇലഞ്ഞി, തുമ്പ ആദി പൂക്കളിൽനിന്നും നിർഗ്ഗളിക്കുന്ന സുരഭസൌരഭ്യം ഞങ്ങൾ ഏൽക്കുന്നില്ലാ എങ്കിലും, തുമ്പിവിളികളുടെ കൃത്രിമാരവവും പന്തുകളിക്കുന്ന കുട്ടികളുടെ കൂക്കുവിളികളും ഞങ്ങൾ കേൾക്കുന്നില്ലെങ്കിലും; താളം കൊട്ടിയും പാട്ടുപാടിയും തുഴഞ്ഞു കളിക്കുന്ന ഓണവള്ളങ്ങൾകൊണ്ടു നിറഞ്ഞ നദികളുടെ സാമീപ്യം ഞങ്ങൾക്കില്ലെങ്കിലും; ഓണപ്പുടവയുടുത്ത് ആഭരണങ്ങളണിഞ്ഞ്, പൊട്ടുതൊട്ട്, പൂ ചൂടി ഊഞ്ഞാലിലിരുന്ന് ആടിപ്പാടി ആഹ്ലാദിക്കുന്ന സുന്ദരാംഗലികളായ കേരളാംഗനകളുടെ ലീലാവിനോദങ്ങൾ ഞങ്ങൾ കാണുന്നില്ലെങ്കിലും- ബോംബെയിലുള്ള മലയാളികളും ഓണമാഘോഷിക്കുന്നുണ്ട്.

മറുനാട്ടിലിരുന്നുകൊണ്ടുള്ള ഈ ഓണദിനാചാരണം മലയാളികളുടെ ദേശസ്നേഹത്തെയും സംസ്കാരപരിപുഷ്ടിയെയും മാത്രമല്ലാ വെളിപ്പെടുത്തുന്നത്. പണ്ടത്തെ കേരളീയരുടെ അനശ്വരമായി ആളികത്തുന്ന കാടിനും, കെട്ടുപ്പെടാനും കഴിയാത്ത സമുജ്ജ്വലമായ ജീവന്റെ പ്രകടനം കൂടിയാണ്

കേരളം ശിഥിലമായി എന്നെന്നും കിടക്കുകയില്ല. മലയാളികൾ ഐക്യം വെടിഞ്ഞ് നശിച്ചുപോവുകയില്ല.. നമ്മുടെ കേരളത്തിനൊരു ഭാവിയുണ്ട്. മലയാളക്കരയ്ക്കൊരു ആശാപൂർണ്ണമായ ഭാവിയുണ്ട്.

പച്ചപ്പുല്ലുകളാൽ വിരിക്കപ്പെട്ട നയനമനോഹരങ്ങളായ നമ്മുടെ മേടുകളേയും. പൊന്നിൻകതിരുകൾ വിളയുന്ന നമ്മുടെ നെൽപാടങ്ങളേയും, ശുഭ്രജലവാഹികളായ നമ്മുടെ അരുവികളേയും ആ കൊച്ചു ചോലകളേയും; ആശ്വാസപ്രദായകമായ കേരവൃന്ദാവനങ്ങളേയും വിട്ടു— ആനന്ദദായകമായ വേണാട്ടിലെ ആ അന്തരീക്ഷത്തിൽനിന്നും— നാട്ടുകാരേയും വീട്ടുകാരേയും പിരിഞ്ഞു പ്രിയപ്പെട്ട അമ്മമാരെയും ഭാര്യമാരെയും കുഞ്ഞുകുട്ടികളേയും വെടിഞ്ഞു ഞങ്ങളെല്ലാം ഇവിടെ വന്നീ നഗരത്തിൽ— നമ്മുടെ ഭാഷയോ സംസ്കാരമോ ജീവിതരീതിയോ തിരിയാത്ത ദേശക്കാരുടെ ഇടയിൽ പാർക്കേണ്ടിവന്നതെന്തുകൊണ്ട് എന്ന ചോദ്യമാണു എന്റെ നാട്ടുകാരേ! എന്റെയും നിങ്ങളുടെയും മുമ്പിൽ ഉയരുന്നത്. പൊന്നും ചിങ്ങമാസത്തിലെ തിരുവോണത്തിനു ഒന്നരകാൽ കോടി മലയാളികൾക്കുള്ള വെല്ലുവിളിയും ഇതുതന്നെ. ഇതിനു നാം ഉത്തരം പറയണം. അല്ലെങ്കിൽ മാവേലിരാജാവിന്റെ എഴുന്നള്ളത്തിനെ മാനിക്കുവാൻ മലയാളികൾ അർഹരല്ല.

### ഓണം അന്നും ഇന്നും

സുഖസമൃദ്ധവും സമത്വസുന്ദരവുമായ ഒരു പ്രാചീനകേരളത്തിന്റെ മധുരസ്മരണയാണു ചിങ്ങമാസത്തിലെ തിരുവോണം മലയാളികളിൽ ഉളവാക്കുന്നത്. കാലചക്രത്തിന്റെ വിഭ്രമത്തിൽ എങ്ങോ പോയി മറഞ്ഞ ആ നല്ലകാലത്തുണ്ടായിരുന്ന ആനന്ദാനുഭൂതികളും ഐശ്വര്യങ്ങളും ആണ്ടിലൊരു ദിവസമെങ്കിലും അനുഭവിക്കുവാൻ പട്ടിണിയിലും അസമത്വങ്ങളിലും കഴിയുന്ന കേരളീയർ വെമ്പലുകൊള്ളുന്ന ഒരു ദിവസമാണ് ഓണം. നമ്പൂതിരി, നായർ, ഈഴവർ മുസ്ലീം, ക്രിസ്ത്യാനി മുതലായ ജാതികളോ, തീണ്ടൽ തൊടീൽ മുതലായ അനാചാരങ്ങളോ, ജന്മി കുടിയാൻ, മുതലാളി തൊഴിലാളി എന്നീ അസമത്വങ്ങളോ ഇല്ലാതെ "മനുഷ്യരെല്ലാം ഒന്നുപോലെ" ആയിരുന്ന ആ നല്ലകാലം ഒരു ദിവസമെങ്കിലും കേരളത്തെ അനുഗ്രഹിക്കട്ടെ എന്നാശിക്കുന്ന നമ്മുടെ ഹൃദയം ഈ ദിവസത്തിൽ പൂർവസ്മരണയാൽ ആനന്ദത്തിലാറാടുന്നു; ഇന്നത്തെ യഥാർത്ഥസ്ഥിതിയോർത്തു ദുസ്സഹമായ ദുഃഖത്തിൽ ആണ്ടുപോകുന്നു.

സ്നേഹിതരേ! ആയിരമായിരം വർഷങ്ങൾക്കപ്പുറം മഹാബലി എന്നൊരു മഹാരാജാവ് നാടുവാണിരുന്നുവോ എന്ന് ചരിത്രാന്വേഷികൾ തീർച്ചപ്പെടുത്തട്ടെ എന്നാൽ സുഖസമൃദ്ധവും, സമത്വസുന്ദരവുമായ ഒരു "മാവേലി നാടുവാണീടുംകാലം" കേരളത്തിലുണ്ടായിരുന്നുവെന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല. അത്യന്തം ഫലഭൂയിഷ്ടമായ ഒരു നാടാണ് നമ്മുടേത്. മനുഷ്യന്റെ സുഖജീവിതത്തിനാവശ്യമായ യാതൊരു സാധനങ്ങളും വിഭവസമ്പന്നമായ കേരളത്തിൽ ഇല്ലാതില്ല. ആ സ്ഥിതിക്ക് ഒരാളെ മറ്റൊരാൾ അടിമയാക്കേണ്ട ആവശ്യം ജനസംഖ്യ വർദ്ധിച്ച ഇന്നത്തെപോലെ ആ ചരിത്രാതീതകാലത്തിൽ ഉണ്ടായിരുന്നില്ലായിരിക്കണം. അന്നു മലയാളികളായ മാലോകരെല്ലാം ഒന്നുപോലെ മലനാട്ടിന്റെ വിഭവസമൃദ്ധിയിൽനിന്നും യഥേഷ്ടം എടുത്തു

### വിഷയവിവരം


1 ഓണത്തിന്റെ വെല്ലുവിളി- എം. എം. ചെറിയാൻ.
2 കാട്ടുരാജാവ്-ചെറുകഥ- എസ്.കെ. ആർ.കമ്മത്ത്
3 തീർത്ഥയാത്ര-വി.വി.കെ.വാലത്ത്
4 നമ്മുടെ ദേശീയപത്രങ്ങൾ- സി.ജെ.തോമ്മസ്
5 എന്റെ ഇന്ത്യൻപര്യടനം- ആർ.പി.ദത്ത്



പ്രസന്നകേരളം
ദേശീയവാരിക
പുസ്തകം. 18 ലക്കം. 23
6—10—46
പന്ത്രണ്ടുപേജ് വില രണ്ടണ
പത്രാധിപർ സി. ജെ. തോമസ്

[illegible]ച്ചു, സഹിച്ചു, വസിച്ചിരിക്കാം.

ഈ സ്ഥിതി മാറി അസമത്വവും അസ്വാതന്ത്ര്യവും, അനാചാരങ്ങളും ദാരിദ്ര്യവും, പട്ടിണിയും പകർച്ചവ്യാധിയും എന്നാണ് കേരളത്തിൽ പടർന്നുപിടിക്കുവാൻ തുടങ്ങിയത്, മാവേലി നാടുവാണീടും കാലം ഒരാണ്ടറുതിമാത്രമായി രൂപാന്തരപ്പെട്ടത് എന്നാണ് എങ്ങിനെയാണ് എന്നുള്ളതും ചരിത്രകാരൻ നിശ്ചയിക്കട്ടെ. ഓണം ഒരു പൂർവ്വകാലസ്ഥിതിയുടെ സ്മരണയായി മാത്രം ഒരു മതചടങ്ങുമാത്രമായി നിലനിൽക്കുവാൻ നൂററാണ്ടുകളായി തുടങ്ങിയിട്ട് എന്നും, ഓരോ കൊല്ലം ചെല്ലുന്തോറും മലയാളത്തിന്റെ മധുരിമകൾ മങ്ങിമങ്ങിവരുകയാണെന്നും നമുക്കറിയാം.

## കേഴുന്ന വേണാട്

ഐശ്വര്യപൂർണ്ണമായ മാവേലിനാടുവാഴുംകാലം ഇന്നൊരു മധുരസ്മരണയോ, ശുഭപ്രതീക്ഷയോ മാത്രമാണ്. ഒരു യഥാർത്ഥമല്ല മാവേലിനാട്ടിലെ മാലോകരല്ല ഇന്നു നാം, കേഴുന്ന വേണാട്ടിലെ ഏഴകളാണ് പരശുരാമന്റെ നാട്ടിൽ പിറന്ന ഉശിരുള്ള മലയാളി യുവാക്കളെല്ലാം ഇന്നു പരക്കംപാഞ്ഞു മറുനാട്ടിലേക്കു തീവണ്ടി കയറുകയാണ് ഇതിന്റെ കാരണമെന്തെന്നു പറയേണ്ടതില്ലല്ലോ ഈ പട്ടിണിയും പണിയില്ലായ്മയുംതന്നെയാണ്. അനേകം തടിമിടുക്കുള്ള യുവാക്കന്മാരെ പട്ടാളത്തിലേക്കയച്ചിട്ടുള്ളതും. കേരളത്തിൽനിന്നും റിക്രൂട്ടു ചെയ്യുവരുടെ സംഖ്യ രണ്ടു ലക്ഷമാണ് ഇതിനു പുറമെയാണ് ആസാമിലേക്കു കൂലിക്കാരായും, സപ്ളൈഡിപ്പാർട്ടുമെൻറിലും മററും ക്ലാർക്കന്മാരായും മററു ജോലികൾക്കായും വിട്ടവർ ഈ ബോംബെ പട്ടണത്തിൽതന്നെ ഒരു ലക്ഷത്തിൽപരം മലയാളികളുണ്ട്. അതായതു 120 മലയാളികൾ കേരളത്തിലുണ്ടെങ്കിൽ ഒരു മലയാളി ഇവിടെയുണ്ട്. ഇതുപോലെ മദ്രാസ്, കൽക്കട്ടാ, ഡൽഹി മുതലായ ഇൻഡ്യൻ നഗരികളിലും; സിലോൺ, ബർമ്മാ മലയാ മുതലായ അയൽരാജ്യങ്ങളിലും പോയി ജീവിക്കുന്ന മലയാളികളുടെ എണ്ണം നോക്കിയാൽ നാം അമ്പരന്നുപോകും.

എന്തുകൊണ്ടാണ് ഇത്രയേറെ മലയാളികൾ നാടുവിട്ടുപോകുന്നത്? ഒരു 120 ലക്ഷത്തെ പോററാൻ കേരളത്തിൽ വിഭവസമൃദ്ധിയില്ലെന്നോ? ഈ ചോദ്യത്തിനു പിന്നീട് ഉത്തരം പറയാം.

നാട്ടിൽ തന്നെ ജീവിക്കുന്ന മലയാളികളുടെ സ്ഥിതി എന്താണ്? ഉണ്ണാനരിയില്ല, ഉടുക്കാൻ തുണിയില്ല, വിളക്കു കത്തിക്കാൻ മണ്ണെണ്ണയില്ല, ചികിത്സിക്കാൻ മരുന്നില്ല. ഈ നരകത്തിനിടയ്ക്കു കോളറാ, വസൂരി, മലേറിയാ മുതലായ മഹാരോഗങ്ങളും പടർന്നുപിടിച്ചു.

1943-ലെ കോളറാമൂലം മലബാറിൽ തന്നെ മുപ്പതിനായിരം മരിച്ചു എന്ന് ഔദ്യോഗികമായി തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഈ നിലയിൽ യുദ്ധകാലത്തു കേരളത്തിലൊട്ടാകെ പട്ടിണിയും പകർച്ചവ്യാധിയുംമൂലം ഒരു ലക്ഷം മരിച്ചിട്ടുണ്ട് എന്നു പറയുന്നതിൽ തെററില്ല.

മാവേലിയുടെ കേരളത്തിൽ പകർച്ചവ്യാധികൊണ്ടും ദാരിദ്ര്യംകൊണ്ടും ഒരു ലക്ഷം മാലോകർ മൂന്നുകൊല്ലംകൊണ്ടു മരിച്ചു എന്നാണു ഞാൻ പറയുന്നത്. ഇതാണ് ഇന്നത്തെ കേരളം.

സുഭിക്ഷസുന്ദരങ്ങളായ നെൽപാടങ്ങളും, വിഭവസമ്പന്നമായ മററു വിളഭൂമികളും, ആ കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമുള്ള അരിപോലും അവിടെ വിളയുന്നില്ല. നമ്മുടെ ആഹാരത്തിനുവേണ്ടി ബർമ്മായിലേക്കും അക്യാബിലേക്കുമാണു നാം തലയുയർത്തിനോക്കുന്നത്.

ഉഴക്കരിക്കും, ഒരു മുഴം ഉടുതുണിക്കും വേണ്ടിയാണ് ഇന്നു മാവേലിനാട്ടിലെ മാലോകർ വെയിലും മഴയും കൂട്ടാക്കാതെ തെരുവോട്ടു നോക്കി വഴിയരുകിൽ നിരന്നുനിൽക്കുന്നത്. നിത്യജീവിതം സാധിച്ചുകിട്ടുവാൻവേണ്ടി കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരെ പ്രീണിപ്പിക്കേണ്ടതായും പോലീസുകാരന്റെ ലാത്തിയുടെയും ബൂട്ട്സിന്റെയും ഭാരമേൽക്കേണ്ടതായും വന്നുകൂടിയിരിക്കുന്നു.

യുദ്ധത്തിനു മുമ്പുണ്ടായ ദുരിതം യുദ്ധകാലത്തു മൂർഛിച്ചതുപോലെ യുദ്ധകാലത്തെ ദുരിതം സമാധാനകാലത്തു വർദ്ധിക്കുകയാണു ചെയ്യുന്നത്. തൊഴിലാളികളെ കൂട്ടമായി പിരിച്ചുവിടലും ശമ്പളം വെട്ടിക്കുറക്കലും തുടങ്ങിക്കഴിഞ്ഞു. ഇതിനു പുറമെയാണു യുദ്ധസേവനങ്ങൾക്കായി പോയിരുന്ന രണ്ടു ലക്ഷങ്ങളുടെ തിരിച്ചുവരവ്, തൊഴിലാളികൾക്കും കൃഷിക്കാർക്കും, ഇടത്തരക്കാർക്കും നിത്യജീവിതം ദുരിതമായിത്തീരുന്ന ഒരു പരിതസ്ഥിതിയിലേക്കാണു നമ്മുടെ കേരളം നീങ്ങിക്കൊണ്ടിരിക്കുന്നത്.

എന്തിനെ അനുസ്മരിച്ചാണോ ഓണമാഘോഷിക്കുന്നത്, ആ നല്ല കാലം ഈ നിർഭാഗ്യവതിയായ മലനാടിനുണ്ടായിരുന്നുവോ എന്നു പോലും സംശയിക്കത്തക്കവണ്ണം അത്രയേറെ പട്ടിണി കാർന്ന ജീവശവമായിരിക്കുന്നു ഇന്നു നമ്മുടെ കേരളം.

## ദുരിതകാരണമെവിടെ?

**കേരളം** എങ്ങിനെ ഈ നിലയിൽ **എത്തി?** കേരളീയർ ജീവിക്കുവാൻ **വേണ്ടി** എങ്ങിനെ നാടുവിട്ടു പോകേണ്ടിവന്നു. നമ്മുടെ ദേശത്തിന്റെ ദുരിതകാരണമെവിടെ?

120 ലക്ഷം ബലിഷ്ഠരും ഉൽസാഹശീലരുമായ ജനങ്ങൾ നമ്മുടെ കേരളത്തിലില്ലേ? നമ്മുടെ നാട്ടുപോലെ മണ്ണെറിഞ്ഞാലും പൊന്നുകായ്ക്കുന്ന നാടു വേറെവിടെ? ഇത്രയ്ക്കു മഴ കിട്ടുന്ന ദേശം വേറെയുണ്ടോ? പിന്നെ എന്തുകൊണ്ടു ദാരിദ്ര്യം; എന്തുകൊണ്ടു നമുക്കാവശ്യമുള്ള ധാന്യം ഇവിടെ തന്നെ വിളയിക്കാതെ വിദേശിയരെ നോക്കികഴിയേണ്ടിവരുന്നു.

നമ്മുടെ ദേശം സന്ദർശിക്കുന്ന വിദേശികൾ നമ്മുടെ നാടിന്റെ വിഭവസമ്പത്തു കണ്ട് അത്ഭുതംകൊള്ളുന്നു. ഇത്രയേറെ കാടുകളും മലകളും, വെള്ളച്ചാട്ടങ്ങളും കായലോരങ്ങളും മററുമുള്ള നമ്മുടെ ദേശത്തു എത്ര എത്ര വ്യവസായങ്ങൾക്കു സാദ്ധ്യതയുണ്ട്. പിന്നെ എന്തുകൊണ്ടു നാം വ്യവസായത്തിൽ പിന്നോക്കം നിൽക്കുന്നു: തൊഴിലില്ലാത്തവരായി നമ്മുടെ യുവലോകം നാടുതെണ്ടുന്നു?

ചരിത്രത്തിൽ ഒരു കാലഘട്ടമുണ്ടായിരുന്നു വിദൂരത്തിൽ നിന്നു പോലും വിദേശികൾ വിഭവങ്ങൾ കൊള്ളുവാൻ നമ്മുടെ നാട്ടിലേക്കു വന്നു. ഇന്നോ? നാം നമ്മുടെ ജീവിതത്തിനാവശ്യമുള്ള സാധനങ്ങൾക്കായി വിദേശങ്ങളിലേക്കു നോക്കുന്നു. ഈ സ്ഥിതി എങ്ങനെ വന്നു? നാമൊക്കെ തൊഴിലുകൾ തേടി നാടുവിട്ടു ഇവിടെ വരുവാൻ കാരണമെന്ത്? കേരളത്തിന്റെ ദുരിതകാരണമെവിടെ?

ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം അത്യധികം ദുസ്സഹമായ ഒരു ദീർഘചരിത്രകഥനമാണ്. ഈ ആറുകൊല്ലക്കാലത്തെ വിദേശിയരുടെയും, നാട്ടുരാജാക്കന്മാരുടെയും നാട്ടുജന്മിമുതലാളിമാരുടെയും ചൂഷണങ്ങളുടെ ദുഃഖസന്തപ്തമായ ഒരു ചരിത്രമാണ്.

150 കൊല്ലക്കാലത്തെ ബ്രിട്ടീഷ് സാമ്രാജ്യവാദികളുടെ കൊള്ളയാണ് നമ്മുടെ ദാരിദ്ര്യത്തിന്റെ മൂലകാരണം. പ്രകൃതിസുന്ദരവും വിഭവസമൃദ്ധവുമായ നമ്മുടെനാടിനെ പട്ടിണിയുടെയും പകർച്ചവ്യാധിയുടെയും കൂത്തരങ്ങാക്കിയതും; മറെറതു ജനവിഭാഗത്തോടും കിടപിടിച്ചു നിൽക്കാവുന്ന ഒരു പുരാതന സംസ്കാരമുള്ള നമ്മെ വെറും ക്ലർക്കന്മാരും കൂലിക്കാരുമാക്കി മാററിയതും ഈ സാമ്രാജ്യഭരണമാണ്. യുദ്ധത്തിനു മുമ്പും യുദ്ധകാലത്തും നാം അനുഭവിച്ച ദുരന്തങ്ങളുടെയെല്ലാം അടിയിൽകിടക്കുന്ന ഈ സാമ്രാജ്യക്കൊള്ള അവസാനിപ്പിക്കാതെ നമുക്ക് യുദ്ധംകഴിഞ്ഞ ഈ ഘട്ടത്തിലും പുരോഗതി സാദ്ധ്യമല്ല.

അതുകൊണ്ടു 120 ലക്ഷം മലയാളികളും ഏകസ്വരത്തിൽ പറയട്ടെ, ബ്രിട്ടനെ ഇന്ത്യയിൽനിന്നു കെട്ടുകെട്ടിക്കാൻ നാം ഉറച്ചുകഴിഞ്ഞു എന്ന്.

150 കൊല്ലത്തിലധികം കാലമായി ഇവിടെ തുടർന്നുവന്ന ബ്രിട്ടീഷ് ഭരണം എന്തെല്ലാം നാശമാണ് നമ്മുടെ സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവും ആയ ജീവിതത്തിൽ വരുത്തിക്കൂട്ടിയിട്ടുള്ളതെന്നു വിസ്തരിച്ചുപറയുവാൻ സമയമനുവദിക്കയില്ല.

ബ്രിട്ടീഷ്കാർ ഭാരതത്തെ ആക്രമിച്ച് കീഴടക്കി കോളനിയാക്കി.

...യന്ത്രങ്ങൾകൊണ്ടുണ്ടാക്കുന്ന അവ

(ശേഷം 11-ാം പേജിൽ)

എസ്. കെ. ആർ. കമ്മത്ത്

# കാട്ടുരാജാവ്

ചെറുകഥ

റോഡിൽ ഒരു കൂക്കുവിളികേട്ടു. ഞാൻ പുസ്തകത്തിൽനിന്നു ദൃഷ്ടിയുയർത്തി റോഡിലേക്കു നോക്കി. ആളുകൾ കൂട്ടംകൂടി നില്ക്കുന്നു. മീൻകച്ചവടക്കാരും കാളവണ്ടിക്കാരും തെണ്ടിപ്പിള്ളേരുമാണു കൂടുതലും. റോഡിന്റെ തെക്കുവശത്താണു മൽസ്യച്ചന്ത. ചന്തയിൽനിന്നും മീൻകൊട്ടയുമായി വരുന്ന പെണ്ണുങ്ങളും അവിടെ കൂടുന്നുണ്ട്. ഉച്ചത്തിൽ സംസാരം കേൾക്കാം. പൊട്ടിച്ചിരികേൾക്കാം. എല്ലാവരും വട്ടംചുററിനില്ക്കുകയാണ്. ആ വട്ടത്തിനുള്ളിൽ ഏതോ വിശേഷസംഭവം നടക്കുന്നുണ്ടെന്നു എനിക്കു മനസ്സിലായി. വല്ല പൽപ്പൊടിവില്പനക്കാരൊ, പാട്ടുപുസ്തകവില്പനക്കാരൊ, മാജിക്കുകാരൊ ആയിരിക്കുമെന്നു ഉദ്ദേശിച്ചു ഞാൻ വീണ്ടും പുസ്തകവായനയിൽ ലയിച്ചു.

പെട്ടെന്നു ഇളയമകൻ ഓടിവന്ന് എന്നോടു പറഞ്ഞു:-

അച്ഛാ! ഒരു രാജാവുവന്നിരിക്കുന്നു. അച്ഛനു കാണണേല് വേഗം വാ.

ഞാൻ ചെറുതായൊന്നു ഞെട്ടി. എന്തു രാജാവോ! ഞാൻ രണ്ടാമതും പുസ്തകത്തിൽനിന്നും ദൃഷ്ടിയുയർത്തി ആൾക്കൂട്ടത്തിനു നേരെ നോക്കി. ആളുകൾ കൂടിവരികയാണ്.

മോൻ എന്താ പറഞ്ഞത്? ഞാൻ മന്ദഹസിച്ചുകൊണ്ടു അവനോടുചോദിച്ചു.

അച്ഛാ! രാജാവാന്നു പറഞ്ഞില്ല്യോ? വല്യരാജാവാണച്ഛാ ഒത്തിരി പൊക്കമുണ്ട്. വല്യമീശയൊണ്ട്. അച്ഛനു കാണണോ? വേഗംവാ. രാജാവു പോയാപ്പിന്നെ കാണാനൊക്കത്തില്ല. അവൻ ഉൽസാഹത്തോടെ നൃത്തം ചവിട്ടി.

ഞാൻ പൊട്ടിച്ചിരിച്ചു. ഉടൻ തന്നെ ഞാൻ ചിരി അടക്കി. എന്റെ ഹൃദയം വേദനപ്പെട്ടു. അടുത്തു ഒരു കള്ളുഷാപ്പുണ്ട്. അവിടെ നിലയുംവിലയുമുള്ളവർ പോലും പട്ടാപ്പകൽ കേറി കുടിച്ചു, ബോധമില്ലാതെ റോഡിൽ കൂടി അതുമിതും പുലമ്പി പലപ്പോഴും നടക്കാറുണ്ട്- മദ്യപാനം മനുഷ്യരെ മൃഗങ്ങളാക്കി മാറ്റുന്നല്ലോ എന്നോർത്തു ഞാൻ അപ്പോഴെല്ലാം ഖേദിച്ചിട്ടുമുണ്ട്. മകൻ പറഞ്ഞ ഈ "രാജാവും" വല്ല നിലയും വിലയുമുള്ള കള്ളുകുടിയനായിരിക്കാമെന്നു ഞാൻ കരുതി. കള്ളിന്റെ ഇനത്തിൽ ലക്ഷക്കണക്കിനു ആദായമുണ്ടാക്കുന്ന മുതലാളിമാരും ഗവർമ്മെന്റും ഇതുവല്ലതും കാണുന്നുണ്ടോ എന്ന ദുഃഖകരമായ ചിന്തയിലേക്കാണു എന്റെ മനസ്സ് അപ്പോൾ പാഞ്ഞുപോയത്. ഞാൻ ദീർഘമായി നിശ്വസിച്ചു.

അച്ഛാ! രാജാവ് ഇപ്പം പോകുമേ പിന്നെ കാണാനൊക്കത്തില്ല്യ തൊൻ പറഞ്ഞേക്കാം. മകന്റെ വാക്കുകൾ തുടർന്നുകൊണ്ടായി

മോനേ അച്ഛന് ഇപ്പോൾ രാജാവിനെ കാണണ്ട രാജാവു രാജാവിന്റെ പാട്ടിനു പൊയ്ക്കോളട്ടെ ഞാൻ ശോകസ്വരത്തിൽ മറുപടി നൽകി.

മകന്റെ മുഖം മ്ലാനമാകുന്നതു ഞാൻ കണ്ടു എനിക്കു കാരണം മനസ്സിലായി. ഞാൻ ചോദിച്ചു:-

മോൻ രാജാവിനെ കണ്ടില്ലേ?

ഇല്ലച്ഛാ ആളെല്ലാം ചുററും കൂടി നിക്കുവാ

പിന്നെ മോൻ എങ്ങനെയാ രാജാവാണെന്നറിഞ്ഞത്?

അച്ഛാ ഞാൻ അവിടെ ഓടിച്ചെന്നപ്പം ചെണ്ടക്കാരൻ നാണുവാ പറഞ്ഞത്, അകത്തൊരു രാജാവിരിക്കുന്നെന്ന്. വലിയ പൊക്കവും മീശയുമൊക്കെ ഒണ്ടെന്നും പറഞ്ഞു. എന്നെ പൊക്കിയെടുത്തു കാണിക്കാമെന്നു പറഞ്ഞപ്പം വേണ്ടാന്നും പറഞ്ഞു ഞാനിങ്ങോട്ട് ഓടിപ്പോന്നാച്ഛാ. എന്നെ അച്ഛൻ രാജാവിനെ കാണിക്കത്തില്ലേ? അവൻ എന്റെ അടുത്തുവന്നു പരിഭവം നടിച്ചുനിന്നു.

ഞാൻ അവനെ വാൽസല്യപൂർവം തടവിക്കൊണ്ടു പറഞ്ഞു:-

മോനേ, അയാൾ രാജാവുമൊന്നുമല്ല. ഏതോ കള്ളുകുടിയനായിരിക്കും.

അവൻ എതിർത്തു:-അല്ലച്ഛാ, രാജാവു തന്നാ. അച്ഛൻ എന്നെ കാണിക്കുമോ ഇല്ലയോ?

ഞാൻ ഏററവും വെറുക്കുന്ന ഒരു കാര്യത്തിനു മകൻ എന്നെ നിർബന്ധിച്ചുതുടങ്ങിയപ്പോൾ ഞാൻ വിഷമിച്ചു. ഞാൻ സാദ്ധ്യമല്ലെന്നു പറഞ്ഞാൽ അവൻ കരയുമെന്നുള്ളതു തീർച്ചയാണ്. മാത്രമല്ല, അവൻ ഒരു കാര്യസാദ്ധ്യത്തിനുവേണ്ടി നിർബന്ധം തുടങ്ങിയാൽ പിന്നെ അതു സാധിക്കുന്നതുവരെ കരഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. ഇന്നാളൊരിക്കൽ ഒരു സർക്കസ്കാർ കൊണ്ടുവന്ന കടുവായേയും കരടിയേയും കാണണമെന്ന് അവൻ നിർബന്ധിച്ചപ്പോൾ ഞാൻ അവന് ഒരാട്ടുകൊടുത്ത കാരണം അവൻ ഒരു പകൽ മുഴുവൻ കരഞ്ഞു കഴിച്ചുകൂട്ടി. അന്ന് അവൻ ആഹാരം കഴിച്ചില്ല. പിറേറന്നു ഞാൻ അവനെ കൊണ്ടുചെന്നു സർക്കസ് മൃഗങ്ങളെ കാണിച്ചപ്പോഴേ അവൻ അടങ്ങിയുള്ളു.

രാജാവിനെ കാണണമെന്ന് അവൻ നിർബന്ധം തുടങ്ങിയപ്പോൾ കാണാതെ അവൻ അടങ്ങുകയില്ലെന്ന് എനിക്കു മനസ്സിലായി. അവൻ എന്റെ കൈയ്ക്കു പിടിച്ചു വലിച്ചുകൊണ്ടു വീണ്ടും പറഞ്ഞു:-

അച്ഛാ രാജാവിനെ കാണിക്കത്തില്ലേ?

ഒടുവിൽ ഞാൻ അവനു മനസ്സില്ലാമനസ്സോടെ കീഴടങ്ങി. ഞാൻ വാല്യക്കാരനെ വിളിച്ചു. വാല്യക്കാരൻ വന്നു

എടാ ഇവൻ അവിടെ ആരോ വന്നിരിക്കുന്നു വെന്നു പറയുന്നു. നീ ഇവനെയും കൂട്ടിക്കൊണ്ടു ചെന്നു ആയാളെ കാണിച്ചേച്ചുവാ. കള്ളുകുടിയനോ മറേറാ ആണെന്നു തോന്നുന്നു എന്തായാലും സൂക്ഷിച്ചു വേണം പോകാൻ. ഞാൻ വേലക്കാരനോടു പറഞ്ഞു.

എന്നാൽ തൽസമയം റോഡിലെ ആൾക്കൂട്ടം വേഗം ഒരു വശത്തായി മാറുന്നതു ഞാൻ കണ്ടു വീണ്ടും കൂക്കുവിളികേട്ടു ആളുകൾ തെററിനു നേരെ നടന്നു വരികയായി. രാജാവു എന്റെ വീട് തൃക്കൺ പാർക്കുവാൻ എഴുന്നള്ളുകയാണെന്ന് ഞാൻ മനസ്സിലാക്കി. ആ കള്ളുകുടിയനെ ആരോ കുസൃതികൾ ഇങ്ങോട്ടു പറഞ്ഞു വിട്ടിരിക്കുകയായിരിക്കാം എന്നു കരുതി ഞാൻ ദേഷ്യത്തോടെ ചാടി എണീററു. പക്ഷെ പെട്ടെന്ന് എന്റെ ദേഷ്യം അൽഭുതമായിമാറി. ആളുകളുടെ നടുവിൽ ഒരു വിചിത്രമനുഷ്യനെ ഞാൻ കണ്ടു. സ്വയമറിയാതെ ഞാൻ മന്ദഹസിച്ചുപോയി.

ആ വിചിത്ര മനുഷ്യൻ ഗേററുകടന്ന് എന്റെ അടുക്കലേക്കു നടന്നുവരികയാണ്. മററുള്ളവരെല്ലാം അകത്തുവരാൻ മടിച്ച് വെളിയിൽനിന്നതേയുള്ളു. ഞാൻ കസേരയിൽ ഇരുന്ന്, എന്റെ അടുക്കലേക്കു വരുന്ന ആ മനുഷ്യനെ സൂക്ഷിച്ചു നോക്കി.

ആറടിപ്പൊക്കം വരും. മുണ്ട് തറ്റുടുത്തിരിക്കയാണ്. രണ്ടാംമുണ്ട് അരക്കു ചുററിക്കെട്ടിയിട്ടുണ്ട്. മാറിടത്തിൽ ഒരു പൂണൂൽ കിടപ്പുണ്ട്. കണ്ണുകൾക്കു വൃത്താകൃതിയാണ്. വിശാലതയേറും. നാസികക്കു അസാമാന്യ ദൈർഘ്യമുണ്ട്. ഫാലതടത്തിൽ ഒരു ചക്രത്തിന്റെ വട്ടത്തിലുള്ള ഒരു കുങ്കുമപ്പൊട്ട് കാണാം. അതിന്റെ നടുവിൽ പച്ച നിറത്തിലുള്ള മറെറാരു പൊട്ടും. മുടിക്കുടുമകെട്ടി ശിരസ്സിന്റെ മദ്ധ്യത്തിൽ നിക്ഷേപിച്ചിരിക്കയാണ് മീശക്കു വല്ലാത്ത വണ്ണമുണ്ട്. വലത്തെ ഭുജത്തിൽ ഒരു വില്ല് തൂങ്ങിക്കിടക്കുന്നു. ഇടത്തെ ഭുജത്തിൽ ഒരു തൂണീരം. അതിനുള്ളിൽ നാലോ അഞ്ചോ അമ്പും. പണ്ടത്തെ രണ്ടാം പാഠത്തിലോ നാലാംപാഠത്തിലോ മറേറാ ആണെന്നു തോന്നുന്നു, രാമനും ലക്ഷ്മണനും സീതയും വനത്തിൽ പോകുന്ന ഒരു പടമുണ്ട്. ആ പടത്തിലെ രാമനും ഈ വിചിത്ര മനു

ഷ്യരും തമ്മിൽ മീശയുടെ കാര്യത്തിലൊഴിച്ചു, ഒരു വ്യത്യാസവുമില്ല.

അയാൾ എന്റെ അടുത്തു വന്നു നിന്നപ്പോൾ ഞാൻ ചോദിച്ചു:-

"നിങ്ങൾ ആരാണ്?"

"നാൻ താൻ കാട്ടു രാജാ! ആളെ പാർത്താൽ ഉങ്കൾക്കു തെരിയാതാ!?" അയാളുടെ സ്വരത്തിൽ തെല്ലു ഗൗരവം കലർന്നിരുന്നു.

കാട്ടുരാജാവോ?

ആമാ രാജാ:

അയാൾ എന്തു് അഭിമാനത്തോടുകൂടിയാണ് ആ പേരുച്ചരിച്ചതു്! എങ്കിലും ആ പേരു കേട്ടക്ഷണത്തിൽ എനിക്കു വെറുപ്പുണ്ടായി. മർദ്ദനത്തിന്റെയും സ്വേച്ഛാധികാരത്തിന്റെയും പേരാണതു്! ഒരു നിമിഷനേരം ഞാൻ മൗനം പൂണ്ടിരുന്നു. എന്റെ ഹൃദയത്തിൽ കുതിച്ചുയർന്ന ചിന്തകൾ കടിഞ്ഞാണിട്ടതിനു ശേഷം; ഞാൻ മൗനം ഭഞ്ജിച്ചുകൊണ്ടു വിനോദസ്വരത്തിൽ ചോദിച്ചു.

രാജാവു ഭരിക്കുന്ന കാട്ടിന്റെ പേരു്?

ആതുക്കു പേരൊന്നുമേ കിടയാതു്. മൈസൂർ രാജ്യത്തുക്കു പക്കത്തു താൻ അന്തയിടം. രാജാവേ! രാജാവിനു കിരീടമില്ല്യോ? ആ മകന്റെ ചോദ്യമാണു്. ഞാൻ മന്ദഹസിച്ചു. അവനെ എടുത്തു മടിയിലിരുത്തി അവന്റെ കവിളിൽ സ്നേഹപൂർവം ചുംബിച്ചു്, ഞാൻ പറഞ്ഞു:—

ഈ രാജാവിനു കിരീടം കാണുകയില്ല.

ഞാൻ പറഞ്ഞതു അയാൾക്കും മനസ്സിലായി എന്നു മുഖഭാവം തെളിയിച്ചു. ആ കണ്ണുകളിൽ ശോകാത്മകത്വം വ്യാപിക്കുന്നതു ഞാൻ കണ്ടു. ആ നെററിത്തടം ചുളിയുകയായി. അയാൾ എന്തോ ചിന്തിക്കുകയോ ഓർമ്മിക്കുകയോ ആണു. ഒരു ചെറിയ നിശബ്ദത. അയാൾ ദീർഘമായി ഒന്നു നിശ്വസിച്ചു. നിശബ്ദത ഭഞ്ജിക്കപ്പെട്ടു.

അയാൾ പറഞ്ഞു- അയാളും ഒരിക്കൽ കിരീടം ധരിച്ചിരുന്നവനാ! അയാളും ഒരു വംശത്തെ അടക്കിഭരിച്ചിരുന്നവനാ്! ഒടുവിൽ അവർ അയാളെ സ്ഥാനഭ്രംശനാക്കി. നാട്ടിൽ നിന്നും ഓടിച്ചു!

അയാളുടെ കണ്ണുകളിൽ നിന്നും രണ്ടുതുള്ളി കണ്ണുനീർ പൊഴിഞ്ഞു.

ഞാൻ വിവിധ വികാരങ്ങളോടെ, അയാളുടെ മുഖത്തേക്കു തുറിച്ചുനോക്കി. എന്തു്? ആ വാസ്തവമോ? അപരിഷ്കൃതരായി കരുതപ്പെട്ടിട്ടുള്ള ആ കാട്ടുജാതിക്കാർക്കും രാജാവു്: എന്നതന്നെയല്ല, രാജവാഴ്ചയെ ചെറുക്കുവാനും, അതിനെ ഉന്മൂലനം ചെയ്യുവാനും വേണ്ടിടത്തോളം പുരോഗമനവും! ആർക്കറിയാം? ഒരു പക്ഷെ അതെല്ലാം സംഭവിച്ചിരിക്കാം! എന്റെ മുമ്പിൽ നിൽക്കുന്നതു അന്നത്തെ അവരുടെ രാജാവും ആയിരിക്കാം! അല്ലെങ്കിൽ അതിൽ അതിശയിക്കുവാൻ എന്താണുള്ളതു്? എവിടെയായാലും സംഭവിക്കേണ്ടതു സംഭവിക്കുക തന്നെ ചെയ്യുകയില്ലേ?

എന്റെ വിനോദഭാവം മാറി. എന്റെ ജിജ്ഞാസ വർദ്ധിച്ചു. ആ കഥ മുഴുവൻ എനിക്കു കേൾക്കണം.

ഞാൻ അയാളോടു ചോദിച്ചു. അതെല്ലാം എങ്ങനെ സംഭവിച്ചു?

അയാൾ ആ കഥ ചുരുക്കിപ്പറഞ്ഞു. വളരെ കൊല്ലക്കാലത്തെ പാരമ്പര്യമാഹാത്മ്യമുള്ള ഒരു കാട്ടുരാജവംശത്തിലാണു അയാൾ ജനിച്ചതു്. പിതാവു ഇഹലോകം വെടിഞ്ഞപ്പോൾ മകൻ രാജാവായി. പ്രജകൾ രാജാവിന്റെ ഏതൊരാജ്ഞയും ശിരസാവഹിക്കണമെന്നാണ് അവിടത്തെ അലിഖിതനിയമം. അല്ലെങ്കിൽ വധശിക്ഷയാണു നൽകപ്പെടുക: രാജാവിനു അനേകം വെപ്പാട്ടികളെ വക്കാമെന്നുണ്ടു്. പ്രജകളുടെ സുന്ദരികളായ ഭാര്യമാരെ കൈക്കലാക്കുവാൻ രാജാവിനു അധികാരമുണ്ടു്. രാജപ്രീതി നേടുവാനും ജീവിക്കുവാനും ആഗ്രഹമുള്ള പ്രജകൾ ഭാര്യമാരെ കൊടുത്തേ മതിയാവൂ. രാജാവു ജോലിയൊന്നും എടുക്കേണ്ട ആവശ്യമില്ല. സദാസമയവും ഭാര്യമാരുമൊത്തു സുഖിച്ചിരുന്നാൽ മാത്രം മതി. രാജാവിനെയും ഭാര്യമാരെയും രാജാവിന്റെ ബന്ധുക്കളെയും മന്ത്രിയെയും പ്രജകൾ പോററിക്കൊള്ളണം. ക്രൂരമൃഗങ്ങൾ നിറഞ്ഞ വനാന്തർഭാഗങ്ങളിൽ ചെന്നു വേട്ടയാടി, ഭക്ഷണത്തിനുള്ള മാംസം കൊണ്ടുവന്നു പാകം ചെയ്തു രാജാവിനും കൂട്ടർക്കും കൊടുക്കേണ്ട ജോലി പ്രജകളുടേതാണു്. അതാണു രാജഭോഗം. ഓരോ പ്രജയും ദിനംതോറും ഇത്ര ഇത്ര മാംസം രാജഭോഗം കൊടുക്കണമെന്നുണ്ടു്. അതിനു ന്യൂനത വരുത്തുന്ന പ്രജയെ മററു പ്രജകളുടെ സാന്നിദ്ധ്യത്തിൽ മരത്തോടു ചേർത്തുനിറുത്തി, അവന്റെ നെഞ്ചിനെ ലക്ഷ്യമാക്കി രാജാവ് അമ്പെയ്യും. അവൻ മരിച്ചുവീഴുമ്പോൾ രാജാവു കോപത്തോടെ മററു പ്രജകളെ നോക്കും. രാജഭോഗം കൊടുക്കാതിരുന്നാൽ അവരുടെയും അനുഭവം അതുതന്നെയായിരിക്കുമെന്നാണു് ആ നോട്ടത്തിന്റെ അർത്ഥം. പ്രജകൾ രാജാവിനോടു സങ്കടം ഉണർത്തിക്കുക പാടില്ല. അതു രാജദ്രോഹകുററമാണു്. രാജദ്രോഹകുററക്കാരെ കാററും വെളിച്ചവും കേറാത്ത ഒരു ഗുഹയിൽ അടച്ചിടും. അടുത്ത നാലുദിവസം, എന്നും രാജാവു വണ്ണമുള്ള ഒരു വടിയുമായി ഗുഹയിൽ ചെന്നു കുറേനേരം അവരെ ഭയങ്കരമായ വിധത്തിൽ തല്ലും. അവരുടെ നിലവിളി ഉയരുമ്പോൾ രാജാവിന്റെ കൂടെയുള്ള ബന്ധുജനങ്ങളും മന്ത്രിയും സന്തോഷപൂർവം ചിരിക്കും. രാജാവും അവരുടെ സന്തോഷത്തിൽ പങ്കുകൊള്ളും. അഞ്ചാം ദിവസം രാജദ്രോഹകുററക്കാരെ ഗുഹയിൽ നിന്നും പുറത്തു കൊണ്ടുവരികയായി. അപ്പോഴേക്കും ഒരു വലിയ കുഴി കുഴിച്ചു് അതിനകത്തു വിറകിട്ടു തീ കൊളുത്തിക്കഴിയും. രാജാവിന്റെ മന്ത്രി അവരെ ആ കുഴിയിലേക്കു പിടിച്ചു തള്ളും. അപ്രകാരമാണു് രാജദ്രോഹകുററക്കാരെ ശിക്ഷിക്കുക: അനന്തരം രാജാവിനോടുള്ള ബഹുമാനം രേഖപ്പെടുത്തുവാനായി പ്രജകൾ ആ തീക്കുഴിക്കു ചുററും കൂടി നിന്നു് മംഗളം പാടും: രാജാവിനോടു പ്രജകളെല്ലാം ബാഹ്യമായും ഭക്തി രേഖപ്പെടുത്തണമെന്നുള്ളതു് കർശനമായ ചട്ടമാണു്: രാവിലെ ഉണരുമ്പോഴും രാത്രി ഉറങ്ങാനായി കിടക്കുന്നതിനു മുമ്പും പ്രജകൾ മംഗളം പാടണം: പാടാത്തവരെക്കൊണ്ടു പാടിക്കും: പ്രജകളിൽ രാജഭക്തി കുറയുന്ന ദോഷമെല്ലാം മന്ത്രിയാണു് രാജാവ് ആരോഗ്യത്തോടും സന്തോഷത്തോടും കൂടി ആയിരം വർഷം ജീവിച്ചിരിക്കണം എന്നാണു് ആ മംഗളത്തിന്റെ പൊരുൾ.

അങ്ങനെ അയാളും ഏഴുവർഷക്കാലം രാജാവായി വാണു. മനുഷ്യന്റെ തലയോട്ടികൊണ്ടുണ്ടാക്കിയ ഒരു കിരീടമാണു അയാൾ ധരിച്ചിരുന്നതു്: സിംഹാസനത്തിനു ഇടയ്ക്കിടെ മനുഷ്യരക്തംകൊണ്ടു ചായം പൂശാറുണ്ടായിരുന്നു: സിംഹാസനത്തിന്റെ ഉറപ്പിനും അതു് ആവശ്യമായിരുന്നുവത്രെ,

ആ രാജവാഴ്ചയുടെ അന്ത്യരംഗം വർണ്ണിച്ചപ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പുന്നതു ഞാൻ കണ്ടു.

അയാളുടെ പ്രജകളുടെ കൂട്ടത്തിൽ അതി സമർത്ഥനായ ഒരു വില്ലാളി ഉണ്ടായിരുന്നുവത്രെ. ശൂരി പ്രജകളുടെ കണ്ണിലുണ്ണിയുമായിരുന്നു. വേട്ടയാടാനും മററും ശൂരിയുടെ നേതൃത്വത്തിലാണു് ജനങ്ങൾ ഭയങ്കരമായ വനാന്തർഭാഗങ്ങളിലേക്കു പോകുക. ശൂരിക്കു് ഒന്നിനേയും ഭയമില്ല. കടുവായേയും കാട്ടുപോത്തിനേയുംമററും ശൂരി തനിച്ചാണു അടിച്ചുകൊല്ലുക. മററുള്ളവരെ സഹോദരന്മാരെയെന്നപോലെ ശൂരി സ്നേഹിച്ചു. അവരുടെ ദുഃഖത്തിൽ പങ്കുകൊണ്ടു. അവശന്മാരെ സഹായിച്ചു. വല്ലദിവസവും വേട്ടയിൽ മൃഗങ്ങളെ കിട്ടാതെ രാജഭോഗം കൊടുക്കാൻപോലും നിവൃത്തിയില്ലാതെ, ആരെങ്കിലും വിഷമിക്കുന്നതായി കണ്ടാൽ ശൂരി തനിക്കു കിട്ടിയതിൽനിന്നും ഒരു വലിയ പങ്കു കൊടുത്തു് ആ മനുഷ്യനെ സന്തുഷ്ടനാക്കും. ആയിടെ അവിടെ ഒരു വലിയ ഭക്ഷണക്ഷാമം നേരിട്ടു. അതോടുകൂടി മേലാൽ രാജഭോഗം കൊടുക്കാൻ കഴിയുകയില്ലെന്നു് പ്രജകൾ ധിക്കാരപൂർവ്വം പറഞ്ഞുതുടങ്ങിയത്രെ. ശൂരിയാണു് അങ്ങനെ പറയുവാൻ അവരെ പ്രേരിപ്പിച്ചതു്. രാജാവിനു കോപം വരാതിരിക്കുമോ? പ്രജകൾ പട്ടിണികിടന്നും രാജാവിനെ തീററിപ്പോററുകയല്ലെ വേണ്ടതു്! ശൂരിയെ

(ശേഷം 10-ാം പേജിൽ)

## എൻെറ ഇന്ത്യൻ പര്യടനം

(9-ാം പേജിൽനിന്നു തുടർച്ച)

മറുവശം ഇവിടെ പൊതുജനങ്ങൾക്ക് അതും വിശദീകരിച്ചുകൊടുക്കേണ്ടതില്ലല്ലോ. ഒരൊററ ഇന്ത്യൻ വർത്തമാനപ്പത്രത്തിനും മോസ്കോവിലോ, ഞാനറിഞ്ഞേടത്തോളം, ലണ്ടനൊഴിച്ച് യൂറോപ്പിൽ മറെറവിടെയെങ്കിലുമോ സ്വന്തം പ്രതിനിധിയില്ല. വാസ്തവത്തിൽ, ഇന്ത്യൻ പത്രപ്രതിനിധികളുമായി ഞാൻ നടത്തിയ ഒരു സംഭാഷണത്തിനിടയ്ക്കു അവർ ആദ്യമായി എന്നോടു ചോദിച്ച ചോദ്യം, ഇന്ത്യയും സോവിയററു യൂണിയനുമായി തന്ത്രബന്ധങ്ങളില്ലാത്തതുകൊണ്ട് മോസ്കോവിൽ ഇന്ത്യൻപത്രങ്ങൾക്ക പ്രതിനിധികളെ നിശ്ചയിക്കാൻ എങ്ങനെ സാധിക്കുമെന്നതാണ്. വർത്തമാനങ്ങളറിയുന്നതിനുള്ള തീവ്രമായ വിശപ്പ്, യഥാർത്ഥത്തിൽ ഇന്ത്യയിലുണ്ട്; എങ്കിലും, വേണ്ട വിധത്തിൽ വർത്തമാനങ്ങൾ വിതരണം ചെയ്യാനേർപ്പാടില്ലാത്തതുകൊണ്ട്, സാമ്രാജ്യത്വപരവും വെള്ളം കലർത്താത്തതുമായ തനി സോവിയററു വിരോധ പ്രചരണത്തെ, ബോധപൂർവമായിട്ടല്ലെങ്കിലും, അപ്പടി വിഴുങ്ങുകയെന്ന നിലയിലേക്കെത്തിച്ചേരുകയത്രേ ഇന്ത്യാക്കാർ ചെയ്യുന്നത്.

മുമ്പു ഗവർമ്മെണ്ടിലെ ഒരു മന്ത്രിയും മഹനീയമായ എന്തെങ്കിലും രാഷ്ട്രീയപാരമ്പര്യം തൊട്ടു കുളിക്കാൻപോലും ഇല്ലാത്ത ഒരാളുമായ സർ ഫിറോസ്ഖാൻനൂൺ മുസ്ലീംലീഗ് നിയമസഭാസാമാജികന്മാരുടെ കൺവെൻഷനിൽ വച്ച്, ബ്രിട്ടീഷുകാർ പാകിസ്ഥാൻ തന്നില്ലെങ്കിൽ തങ്ങൾ അതു നേടുവാൻവേണ്ടി റഷ്യയുടെ ഭാഗത്തു ചേരുമെന്നു ഭീഷണിപ്പെടുത്തിക്കൊണ്ടു നാട്ടിലാകെ ഒരമ്പരപ്പുണ്ടാക്കിയപ്പോൾ, ഇതു വളരെയധികം വിനോദകരമായ രീതിയിൽ പ്രത്യക്ഷപ്പെടുത്തുകയുണ്ടായി. ഇംഗ്ലീഷ് യാത്രാകഥകളിലെ വമ്പൻ കറുമ്പൻ ചെന്നായയെപ്പോലെ ഇന്ത്യയിലേക്കു കൈപ്പത്തി നീട്ടുവാൻ തക്കംപാർത്തിരിക്കുന്ന റഷ്യൻ ഇമ്പാച്ചിയെപ്പററിയുള്ള ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൻെറ കുപ്രചരണത്തെ കണ്ണടച്ചു സ്വീകരിക്കേണ്ടതാണെന്നു ബഹുജനങ്ങളുടെ തലയിൽ തുടരെത്തുടരെ അടിച്ചുകയററിയിട്ടുള്ളതിൻെറ ഫലമായി ഇന്ത്യയിലെ ഏതെങ്കിലും ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്തെങ്കിലുമൊന്നു കടന്നുപറഞ്ഞു ഒരു ശല്യമുണ്ടാക്കണമെന്നു ഗ്രഹിക്കുമ്പോൾ താൻ റഷ്യയുടെ ഭാഗം ചേരുമെന്നു ഭീഷണിപ്പെടുത്തുകയാണ് പതിവ്, ഇന്ത്യയിലെ വളർച്ചയെത്തിയ ഓരോ രാഷ്ട്രീയസംഘടനയും എതിരാളികളുടെ മേൽ ഈ കുററം ആരോപിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. 1946-ൽ ഈയടുത്ത കാലത്തു പ്രസിദ്ധീകരിച്ചിട്ടുള്ളതും ഈ സമയത്ത് എല്ലാ വിഭാഗത്തിലും പെട്ട ആളുകൾ ധാരാളമായി വായിച്ചുവരുന്നതുമായ 'ഇൻഡ്യയുടെ കണ്ടുപിടുത്തം' എന്ന നെഹ്റുവിൻെറ പുതിയ പുസ്തകത്തിൽ സോവിയററു യൂണിയനിലൊഴിച്ച് മറെറല്ലാരാജ്യങ്ങളിലേയും കമ്യൂണിസ്റ്റ് പാർട്ടികൾ ദേശീയപ്രസ്ഥാനത്തിൻെറ ആശയഗതിയുമായി അടുപ്പം പുലർത്താത്തതുമൂലം തികച്ചും പരാജയമടഞ്ഞിരിക്കുകയാണെന്നും, ദേശീയത്വവുമായുള്ള ഈ ബന്ധമുക്തികാരണം അവ സ്വാഭാവികമായി ദുർബ്ബലങ്ങളും കാര്യത്തിനു കൊള്ളാത്തവയുമായിത്തീർന്നിരിക്കുകയാണെന്നും തുറന്ന മട്ടിൽ ഉറക്കെ പ്രഖ്യാപിക്കുന്ന അസാധാരണപ്രാധാന്യമുള്ള വരികൾക്ക മറെറാരുതരത്തിലും ഒരു വിശദീകരണം നൽകുവാനും സാദ്ധ്യമല്ല. ഈയടുത്ത ഏതാനും കൊല്ലങ്ങളിൽ യൂറോപ്പിലുണ്ടായിട്ടുള്ള സംഭവവികാസങ്ങളെപ്പററി ചെറുതായൊന്നു സൂചിപ്പിച്ചുകൊണ്ടു സംസാരിക്കുവാൻ ഞാൻ മുതിർന്നപ്പോൾ നെഹ്റു അതിൽ സജീവമായ ശ്രദ്ധ പ്രദർശിപ്പിക്കുകയുണ്ടായി. ഇൻഡ്യയും ലോകജനാധിപത്യപ്രസ്ഥാനവും തമ്മിൽ വീണ്ടും ബന്ധം വളർത്തുന്നതിന് എത്രയോ അധികം പണി എടുക്കേണ്ടതായിട്ടുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ഏപ്രിൽ 5

ഇന്നു ഞാൻ കേന്ദ്രനിയമസഭാസാമാജികന്മാരുടെ കൂടെയായിരുന്നു. അദ്ധ്യക്ഷപീഠത്തിനു തിരിഞ്ഞുകൊണ്ടു വാദപ്രതിവാദം സശ്രദ്ധം കണ്ടുപഠിച്ചതിനുശേഷം നിലാമുററത്ത് (അതായതു, നിയമസഭാമന്ദിരത്തിൻെറ ഉള്ളിലുള്ള വിശാലമായ മുററത്തു) വച്ച് കോൺഗ്രസ്കക്ഷി നേതാവു, ചീഫ്‌വിപ്പ് തുടങ്ങിയവരുടെ കൂടെ ഞാൻ ചായ കുടിച്ചു. ഇക്കൂട്ടത്തിൽ ചാമൻലാലുമുണ്ടായിരുന്നു. (ഓക്സ്ഫോർഡ്‌കാലത്തേതിൽനിന്ന് ഇദ്ദേഹത്തിനു യാതൊരു മാററവും ഇതുവരെ വന്നിട്ടില്ല.) ചായസൽക്കാരം ആകെക്കൂടി ആഹ്ലാദകരമായിരുന്നു. പക്ഷെ, ഒരു 'വെയ്ററർ' ചായപ്പാത്രം താഴെ തട്ടിയിടുകയും ഉടൻതന്നെ ബഹുമാനപ്പെട്ട ചില സാമാജികരുടെ മുറിഞ്ഞ കാലടികളിൽ ബാൻഡേജ് വച്ചുകെട്ടേണ്ടിവരുകയും ചെയ്തപ്പോൾ, ഇക്കാലത്തു ദേശാഭിമാനപരമായ സംഘടനകളുടെ പ്രതിനിധികൾ നിർബന്ധപൂർവം ധരിച്ചുവരുന്ന നീളൻ കോട്ടും മററു മുറപ്രകാരമുള്ള വേഷങ്ങളും പ്രായോഗികമായി വരുത്തിവയ്ക്കുന്ന ചില ചില്ലറ അസൗകര്യങ്ങൾ വ്യക്തമായി എല്ലാവരും മനസ്സിലാക്കുകയുണ്ടായി.

നിയമസഭകളെല്ലാം ഒരേവിധത്തിലാണ്. കേന്ദ്രനിയമസഭയ്ക്കും ഇതിൽ വ്യത്യസ്തത യാതൊന്നുമില്ല. ആവേശപൂർവകമായ ചോദ്യങ്ങൾ; മന്ത്രിമാരുടെ മരവിച്ചതോ ഒഴിഞ്ഞുമാറുന്നതോ ആയ ഉത്തരങ്ങൾ; സ്വതസ്സിദ്ധമായ പ്രസന്നതയോടെ വാർത്താവിതരണമന്ത്രിയായ സർ അക്ബർഹൈദരി തട്ടിമൂളിക്കുന്ന ചെറുതമാശകൾ. (ഇദ്ദേഹത്തിനും ഓക്സ്ഫോർഡ് കാലത്തേതിൽനിന്നു യാതൊരു മാററവുമില്ല. ഒരു സ്വീഡൻകാരിയാണ് ഇദ്ദേഹത്തിൻെറ ഭാര്യ) ഇവിടെ മുന്തിനിൽക്കുന്ന ഒരു വ്യത്യസ്തത ഈ അസംബ്ലിക്ക ഭരണാധികാരം തുറന്ന മട്ടിലും പരിപൂർണ്ണമായും നിഷേധിച്ചിരിക്കുന്നുവെന്നുള്ളതു മാത്രമല്ല; ഈ ഹാളിലെ പ്രതിധ്വനികളും മുഴക്കവും സാമാന്യത്തിലധികം മനം മടുപ്പിക്കുന്നതുമാണ്. തലയ്ക്കുമുകളിൽ പറക്കുന്ന പതിമൂന്ന് ഇലക്ട്രിക്പങ്കകളുടെ ഹുങ്കാരം ഇതിനു പുറമെയും. മുന്നണിബെഞ്ചുകളിലിരിക്കുന്ന യൂറോപ്യൻഉദ്യോഗസ്ഥന്മാർ മന്ത്രിമാരെപ്പോലെയല്ല, ഇംഗ്ലണ്ടിലെ ബോറോ കൗൺസിലറന്മാരെപ്പോലെയാണു സംസാരിക്കുന്നതു്.

[വിവർത്തകൻ-എൻ വി ശങ്കരൻകുട്ടി വാര്യർ]

## കരിങ്കാലി

(കഴിഞ്ഞ ലക്കത്തിൽനിന്നു തുടർച്ച)

അവരെത്രദിവസം കാത്തു. പക്ഷെ മന്ത്രിമാർ വല്ലതും ചെയ്തോ? പണിമുടക്ക പിൻവലിക്കാൻ തൊഴിലാളികളെ ഉപദേശിച്ചപ്പോൾ അവരുടെ ആവശ്യങ്ങൾ അനുവദിക്കുവാൻ മാനേജർ സായ്പിനേയും നിർബന്ധിക്കാതിരുന്നില്ലേ? എന്നാലും പണിമുടക്ക് ഉണ്ടാവുമായിരുന്നോ?

അതാവായിരുന്നു മാധവൻ സമ്മതിച്ചു. തൊഴിലാളികളുടെ നേരെ കാണിച്ച ഉശിര് മാനേജർ സായ്പിൻെറനേരെ കാണിച്ചിരുന്നെങ്കിൽ

x x x

പണിമുടക്കം പൊളിക്കാനായി ഗ്രാമങ്ങളിൽനിന്നു കരിങ്കാലിക്കൂട്ടമെത്തു തുടങ്ങി. ദിവസം ആറുരൂപാവരെ കൂലി കൊടുക്കാമെന്നു പറഞ്ഞു. ആ ദിവസങ്ങളിൽ ശമ്പളത്തോടുകൂടി അവധി കൊടുക്കാമെന്നു മുതലാളി ഏററു. പക്ഷെ മാധവൻ പോയില്ല, തൻെറ സഹോദരന്മാരുടെ വായിൽ മണ്ണിടാൻ അയാൾ തയ്യാറില്ലായിരുന്നു.

ഖദർധാരികളായ ഒന്നുരണ്ടു ചെറുപ്പക്കാർ ആ ഗ്രാമത്തിലെത്തി. അവർ മാധവനെ കണ്ടു സംസാരിച്ചു. പക്ഷെ കരിങ്കാലിപ്പണിക്ക മാധവൻ തയ്യാറില്ല.

പക്ഷെ അരി വന്നില്ലെങ്കിലോ? അവർ നയത്തിൽ കൂടി കമ്യൂണിസ്റ്റുകാരുടെ കുഴപ്പംമൂലം നാട്ടുകാർ പട്ടിണി കിടക്കാൻ അനുവദിക്കാമോ? അവർ പല നേതാക്കന്മാരുടെയും പ്രസ്താവനകളെ ഉദ്ധരിച്ചു. മാധ

(ശേഷം 12-ാംപേജിൽ)

വി. വി. കെ. വാലത്ത്

# തീൎത്ഥയാത്ര

"ബാലകൃഷ്ണപിള്ള, ബാലകൃഷ്ണപിള്ള എന്നൊരു രാജ്യമുണ്ട്. ലോകത്തിലെ ഇന്നോളമുള്ള എല്ലാ വിജ്ഞാനങ്ങളും നിഴലിക്കുന്ന അത്ഭുതകരമായ കണ്ണാടി അവിടെ മിന്നുന്നു. അവിടെ വാൎദ്ധക്യം യുവത്വത്തെ മാറി നിന്നു കൊഞ്ഞനം കാട്ടാതെ യുവത്വത്തെ നേരിട്ടു മുൻനടത്തുന്നു! വയസ്സിന്റെ ആധിക്യം കൊണ്ടോ, വിജ്ഞാനത്തിന്റെ മൂപ്പുകൊണ്ടോ, അഥവാ, പഴമയുടെ ഉച്ഛിഷ്ടം തപ്പി രുചികെട്ട യഥാസ്ഥിതികലോകത്തെ നോക്കി അപഹസിച്ചു ചിരിച്ചതുകൊണ്ടോ മഞ്ഞുപോലെ വെളുത്ത താടിമീശ അവിടെ മിന്നുന്നു! വിശ്വസാഹിത്യത്തിന്റെ വിസ്തൃതാവബോധമായ മുഖാകൃതി മലയാളസാഹിത്യം ആദ്യമായി കാണുന്നതു അവിടെവച്ചാണ്! 'ഇന്നലെ'യുടെ ചീഞ്ഞ ശവങ്ങളെക്കൊണ്ടു ശ്വാസംമുട്ടുന്ന വായുമണ്ഡലത്തിൽനിന്നു 'ഇന്നി'ന്റെ ജീവൻ ജ്വലിക്കുന്ന സുരപ്രകാശത്തിലേക്കു വഴികാട്ടുന്നമഹത്വം അവിടെ ജ്വലിക്കുന്നു!

രാവണന്റെ ലങ്ക സിലോൺ അല്ലെന്ന വിശ്വാസത്തിന്റെ മൂടൽ നീങ്ങി ഗുജറാത്താണെന്ന വാസ്തവബോധത്തിന്റെ വെളിച്ചം വീണതു അവിടെവച്ചാണ്. ഐതിഹ്യം തന്ന വിശ്വാസത്തിന്റെ മിഥ്യാവെളിച്ചത്തെ മാററി യുക്തിയുടേയും, ചിന്തയുടെയും, ആലോചനയുടെയും, തെളിവിന്റെയും വാസ്തവരൂപം നിൎമ്മിച്ചു മറഞ്ഞുപോയ ചേരമാൻ പെരുമാളെ നമുക്കു കാട്ടിത്തരുന്ന മഹത്വം അവിടെ സ്ഥിതി ചെയ്യുന്നു. ലോകത്തിലെ എല്ലാ ചരിത്രസംഭവങ്ങളും ഒരു കാഴ്ചബംഗ്ലാവിലെ വസ്തുക്കൾപോലെ അവിടെ പ്രദൎശിപ്പിക്കപ്പെട്ടിരിക്കുന്നു. ഊഹാപോഹങ്ങളുടെയും മിഥ്യാബോധത്തിന്റെയും കാടുകളിൽ തള്ളപ്പെട്ട അടിയിലെ മഹാസംഭവങ്ങളുടെ നീയതികൾ ബുദ്ധിയുടെ പരിശ്രമശീലം കൊണ്ടു ഒററ നിമിഷത്തിനുള്ളിൽ കൺമുന്നിൽ പൊന്തിവരുന്ന കാഴ്ച നാമവിടെ കാണുന്നു! കല, സാഹിത്യം ചരിത്രം എന്നീ അഴമേറിയ സമുദ്രങ്ങളിൽ മുങ്ങി അവയുടെ നിഗൂഢമായ അഗാധതകളിൽനിന്നു അൽഭുതകരമായ വസ്തുക്കളെ പുറത്തു കൊണ്ടുവരുന്ന മഹാകൃത്യം അവിടെ രാപകൽ നടന്നുകൊണ്ടിരിക്കുന്നു! ആ പുണ്യഭൂമി കാണാനാണു നാമിന്നു പോകുന്നതു്!"

വഴികാട്ടിയായി വിളിച്ചു, ചെത്ത ഒരു വിദ്യാൎത്ഥിയോടു ഇങ്ങനെ പറഞ്ഞുകൊണ്ടു ഞാൻ ഏ ബാലകൃഷ്ണപിള്ളയെ കാണാൻ പുറപ്പെട്ടു.

"നിങ്ങളെ കാണാൻ എനിക്കു സന്തോഷമുണ്ടെ"ന്നു കുറെ മുമ്പു അദ്ദേഹം എനിക്കെഴുതിയിരുന്നു. അദ്ദേഹം ഇന്നു താമസിക്കുന്ന സ്ഥലത്തേക്കു എന്റെ വീട്ടിൽനിന്നു പത്തുനാഴികദൂരമേയുള്ളു. പക്ഷേ, ഇതുവരെ വടക്കൻപറവൂർ പോയിട്ടില്ല. പറയത്തക്ക വാഹനസൗകര്യമൊന്നും ഇല്ലാത്തതും, തെക്കുവടക്കായി നീണ്ടുനിവൎന്നു കിടക്കുന്നതുമായ വഴി കാൽനടക്കു വിടാമെന്നു വെച്ചതിൽ എനിക്കു സന്തോഷം നൽകി. മഴയില്ല. ആകാശം തെളിഞ്ഞിട്ടുണ്ട്. വെയിലും വെളിച്ചവുമുണ്ട്. വഴിയുടെഇരുഭാഗത്തും കാവൽ നിൽക്കുന്ന പട്ടക്കാരൻ ചോലവൃക്ഷങ്ങൾ—എല്ലാംപേരാൽ വൃക്ഷങ്ങൾ—തങ്ങളുടെ പുരാതനമായ തറവാടിത്തരത്തെയും ആ വഴിയുടെ പഴക്കത്തെയും പററി മർമ്മരഭാഷയിലൂടെ പാടിക്കൊണ്ടിരുന്നു. എന്നല്ല,

ഇടങ്ങിയ മാളങ്ങളിലിഴഞ്ഞേറും
പാമ്പുകൾപോൽ
വിടവുതോറും പിണഞ്ഞ വേരുകളോടും"

കൂടി അവ കാണപ്പെട്ടു ആ ഇടുങ്ങിയമാളങ്ങൾ അസൂയയാണെന്നും അവയിൽ പാമ്പുകളെപ്പോലെ ഇഴഞ്ഞു കേറുന്ന വേരുകൾ ബാലകൃഷ്ണപിള്ളയെ പേടിച്ചു പുറത്തുനിൽക്കാൻ ധൈര്യപ്പെടാതെ പിന്തിരിപ്പൻസാഹിത്യത്തിൽതന്നെ പററിക്കൂടുന്ന ഇന്നത്തെ യാഥാസ്ഥിതിക ലോകമാണെന്നും എനിക്കു തോന്നി

ബാലകൃഷ്ണപിള്ളയെ കാണാനുള്ള മോഹത്തിൽ കാൽനടക്കുള്ള ക്ലേശം എന്നെ ബാധിച്ചില്ല. ഞാനിതേവരെ അദ്ദേഹത്തെ ഒരുനോക്കു കണ്ടിട്ടില്ല. പക്ഷേ, അദ്ദേഹം എനിക്കു പരിചിതനാണ്. അദ്ദേഹത്തിന്റെ രൂപംകൂടിയും മനസ്സിൽ നിഴലിടുന്നുണ്ട്. ഒരു കുന്തത്തോലപോലെ വിളറി വെളുത്തും ഒരു കടലാസ്ചുരുൾപോലെ ഘനം കുറഞ്ഞും ഒരു പെൻസിൽപോലെ നീണ്ടുമെലിഞ്ഞും ഇവക്കുപരിയായി മേഘംപോലെ നരച്ചുവെളുത്ത താടിയോടുകൂടിയും എന്റെ ജീവിതത്തിൽ ഇതുപോലെ എന്റെ ബഹുമാനത്തെ മറെറാരു ജീനിയസ്സിനും ആൎജ്ജിക്കാൻ കഴിഞ്ഞില്ല: നരവെള്ളിക്കിരീടം ചൂടിച്ച ആ വാൎദ്ധക്യത്തെ അദ്ദേഹം അതു അർഹിക്കുന്നവിധം സ്വാഗതം ചെയ്തിട്ടുണ്ടാകും. എന്നാൽ അനാരോഗ്യം സദാ ഒരു വിപ്ലവകാരിയെ ഒരു പിൻതിരിപ്പൻസവൎണ്ണനെന്നപോലെ അലട്ടുന്നുണ്ടെന്നറിയാം. ഒരിക്കൽ അദ്ദേഹം മരിക്കുകകൂടിയുണ്ടായി, മരണവും ബാലകൃഷ്ണപിള്ളയുംകൂടി ഒളിച്ചുകളിക്കുകയാണ്. ഈ ഒളിച്ചുകളിയുടെ വ്യസനമയമായ പര്യവസാനം കാണുന്നതിനുമുമ്പ് ഒരു തൊടിയിട ആ രൂപം ജീവനോടെ കണ്ടു മടങ്ങാമെന്നു ഞാനാശിച്ചുള്ളു. അദ്ദേഹത്തെ ചങ്ങമ്പുഴ ബോറു ചെയ്യുന്നതുപോലെ ബോറുചെയ്തുകൂടാ. അദ്ദേഹത്തോടു എനിക്കു വളരെയധികം ചോദിക്കാനുണ്ട്, അദ്ദേഹത്തിൽനിന്നു കേൾക്കാനും, എങ്കിലും, നിശ്ശബ്ദമായൊന്നു നോക്കി മടങ്ങാനേ ഞാനാശിച്ചുള്ളു. അതുകൊണ്ട്, പുത്തനായി ജനിപ്പിച്ച വല്ല ഗ്രന്ഥശിശുവിന്റെയും തലതൊടുന്ന ചടങ്ങു ബാലകൃഷ്ണപിള്ളയെക്കൊണ്ടു നിവൎത്തിപ്പിച്ചു കൃതാൎത്ഥനായി മടങ്ങാനുള്ള മോഹവും എന്റെ സന്ദൎശനത്തിന്റെ പിന്നിലുണ്ടായില്ല.

ഞങ്ങൾ മൂന്നുമണിയോടുകൂടി പറവൂർ പെരുവാരത്തെത്തി. അദ്ദേഹത്തിന്റെ താമസസ്ഥലം തിരക്കി. ഒരുമണിക്കൂറോളം അവിടെ കണ്ട പലഊടുവഴികളിലൂടെ കറങ്ങേണ്ടിവന്നു. ഒടുവിൽ ഒരു യുവാവായ വിദ്യാൎത്ഥി പുസ്തകവുമായി എതിരെവരുന്നതു കണ്ടു. 'മി. ഏ ബാലകൃഷ്ണപിള്ള എവിടെ താമസിക്കുന്നു?"

'ഏതു ഏ ബാലകൃഷ്ണപിള്ള?-വക്കീലാണോ?

ഞങ്ങൾ നിൽക്കുന്ന ആ പരിസരത്തിലെവിടെയൊ തന്നെയാണ് അദ്ദേഹത്തിന്റെ വീടെന്നു ഉറപ്പുള്ള ഞങ്ങൾക്കു ആ തിരിച്ചടി തീരെ രസിച്ചില്ല. എന്റെ ചങ്ങാതിക്കു ദേഷ്യം കയറി.

വക്കീലും കിക്കീലുമൊന്നുമല്ല. ഏ ബാലകൃഷ്ണപിള്ള! താൻ ഏതു ഗ്രാമത്തിന്റെ ഗുഹയിൽ നിന്നാണെഴുന്നള്ളുന്നതു്. ഏ ബാലകൃഷ്ണപിള്ളയെ കേൾക്കാത്തവൻ അദ്ദേഹത്തിന്റെ താമസസ്ഥലത്തു തന്നെ ഉണ്ടാകയോ? വലിയ എഴുത്തുകാരൻ! മനസ്സിലായോ?

ആയാളെഴുത്തുകാരനാണോ?

അവനോടു ചോദിച്ചിട്ടു ഫലമില്ലെന്നു കരുതി ഞങ്ങൾ നടന്നു. ഒരു ചെറുപ്പക്കാരൻ! വിദ്യാൎത്ഥി! ബാലകൃഷ്ണപിള്ളയെ അവൻ അറിയാത്തതു ദുസ്സഹമായിത്തോന്നി. ഏ ബാലകൃഷ്ണപിള്ളയെ അറിയാത്തതായി ജീവനുള്ള യാതൊരു വസ്തുവും അവിടെ പാടില്ലെന്നാണു ഞങ്ങളുടെ മട്ടെന്നു തോന്നും. അവിടെയെങ്ങും ആരെയും പിന്നെ കണ്ടതുമില്ല. തിരിഞ്ഞുമറിഞ്ഞു പിന്നെയും ഒരിടവഴിയിൽ വീണു. മഴക്കാലമായതുകൊണ്ടു വഴി ചളി കെട്ടിയിരുന്നു. മനുഷ്യരുടേകാൽപെരുമാററം അന്നു ആ വഴി നടന്നിട്ടില്ലെന്നു തോന്നി. വൃക്ഷനിബിഡങ്ങളെക്കൊണ്ടു ചുററും ഇരുണ്ടു കിടന്നിരുന്നു. ഞങ്ങൾ അതിലെ നടക്കാൻ തുടങ്ങി. അപ്പോഴത്തെ ഞങ്ങളുടെ പോക്കു കണ്ടാൽ സ്വന്തം വീട്ടിലേക്കു പോകുന്നവരെപ്പോലെയോ, ആരോ ചൂണ്ടിക്കാണിച്ചുതന്നിട്ടു പോകുന്നതുപോലെയോ, തോന്നി.

സി. ജെ. തോമസ്

# നമ്മുടെ ദേശീയപത്രങ്ങൾ

ലോകത്തിലേക്കും നാണംകെട്ട വേലയായിട്ടാണെന്നു സമ്മതനായ ഒരു സ്നേഹിതൻ, പേർഷ്യയിലെ സോവിയറ്റുസേനയുടെ പിന്മാറ്റത്തെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പറയുകയുണ്ടായി: ആദ്യമൊക്കെ ഇടവിട്ട ദിവസങ്ങളിൽ സോവിയറ്റുസേന പിന്മാറിയെന്നും ഇല്ലെന്നും ഉള്ള വർത്തമാനങ്ങൾ വന്നുകൊണ്ടിരുന്നു. പിന്നീട ഒരു ദിവസത്തെ വർത്തമാനത്തിൽതന്നെ ഈ രണ്ടു വിരുദ്ധ വർത്തമാനങ്ങളും ഒരുമിച്ചു വന്നുതുടങ്ങി. ഇതുപോലെ യൂഗോസ്ലാവിയാ, ചൈനാ, ജാവാ മുതലായി പല രാജ്യങ്ങളിൽനിന്നും വരുന്ന വർത്തമാനത്തിന്റെ വൈരുദ്ധ്യങ്ങളാണ് ഈ അഭിപ്രായപ്രകടനത്തിനു കാരണം. ഈ വൈരുദ്ധ്യങ്ങളുടെ പ്രത്യേകത അവ സാധാരണ ഗതിയിൽ സംഭവിക്കാവുന്ന പിശകുകളല്ലെന്നും ജനസാമാന്യത്തെ തെറ്റിദ്ധരിപ്പിക്കുവാൻവേണ്ടി കരുതിക്കൂട്ടി ചെയ്യപ്പെടുന്ന തന്ത്രങ്ങളാണെന്നുമാണ്. അങ്ങനെ പൊതുജനങ്ങളുടെ ഒരു ആവശ്യം നിറവേറ്റുന്നതിനു അവരിൽനിന്നു പ്രതിഫലം പറ്റുന്ന ഒരു സംഘടന ഏതോ താൽപര്യങ്ങളുടെ പ്രചരണയന്ത്രമായിതീരുന്നു. ഈ അനാശാസ്യനയം അസോഷ്യേറ്റഡ് പ്രസ്സിനെപ്പറ്റിയും ഉണ്ടായിട്ടുണ്ട്. 114-ലെ തിരുവിതാംകൂർ സമരകാലത്ത്, ആ വാർത്താവിതരണ സംഘടനയെപ്പറ്റി തിരുവിതാംകൂറുകാർക്കുണ്ടായിരുന്ന പ്രതിഷേധം എത്രയായിരുന്നെന്നു പ്രസിദ്ധമാണല്ലോ. പത്രങ്ങളുടെ നയത്തെപ്പറ്റിയും ഇത്തരം പരാതികൾ സാധാരണയാണ്.

പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ പല വഴികളാണ് ഉപയോഗിക്കാറുള്ളത്. പച്ചക്കള്ളംതന്നെ, അതു ചെലവാകുമെന്നു ബോധ്യമുണ്ടെങ്കിൽ അഴിച്ചുവിടും. 1931-ൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെപ്പറ്റിയും, 1927-ൽ സോവിയറ്റു യൂണിയനെപ്പറ്റിയും പരത്തിക്കൊണ്ടിരുന്ന "വാർത്തകൾ" ഈ ഇനത്തിൽപെട്ടവയാണ്. സാധാരണ ഇവ ഉടമസ്ഥനില്ലാതെയാണ് ഉൽഭവിക്കുന്നത്. ചിലപ്പോൾ ചില പ്രത്യേക തരത്തിലുള്ള പേരുകാരും അതിനു പിതൃത്വം വഹിക്കാനുണ്ടാകും. ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള തന്ത്രം പച്ചക്കള്ളമല്ല; യഥാർത്ഥമായ ഒരു വസ്തുതയെ തിരിച്ചുമറിച്ചു പറയുക എന്നതാണ്. മഞ്ചൂറിയായിലെ സ്ഥിതിഗതികളെപ്പറ്റി നമുക്കു കിട്ടുന്ന വർത്തമാനങ്ങൾ ഇങ്ങിനെ "തഴവായിൽവന്നതിൽപിന്നെ മോഷ്ടിച്ചിട്ടില്ല" എന്നു പറഞ്ഞ രീതിയിലുള്ള പരമാർത്ഥങ്ങളാണ്. പല വർത്തമാനങ്ങളും അപ്പടി വിട്ടുകളയുക എന്നതും സാധാരണ കണ്ടുവരാറുള്ള ഒരു മാർഗ്ഗമാണ്:

അമേരിക്കയിലും ഇംഗ്ലണ്ടിലും വാർത്താവിതരണ ഏജൻസികളും പത്രങ്ങളും ഒരുപോലെ ഈ തൊഴിൽ നടത്തുന്നുണ്ട്. ആ നാട്ടുകളിൽ സ്വതന്ത്രമായിട്ടൊറ്റപത്രംപോലും ഇല്ലെന്നാണു പറയപ്പെടുന്നത്. ഇംഗ്ലണ്ടിലെ പ്രധാന വ്യവസായങ്ങളുടെ നില ശരിയായി മനസ്സിലാക്കിയിരുന്നാൽ ഓരോ പത്രത്തിന്റെയും മുഖപ്രസംഗം എന്തായിരിക്കുമെന്നു മുൻകൂട്ടി പറയാൻ കഴിയുമത്രെ. ശ്രീമതി വിജയലക്ഷ്മിപണ്ഡിറ്റ് അമേരിക്കയിൽ വളരെ പ്രസംഗങ്ങൾ നടത്തിയിട്ടും അവിടത്തെ പത്രങ്ങൾ ആ വിവരണങ്ങളൊക്കെത്തന്നെ വിട്ടുകളയുകയാണു ചെയ്തതു്. ഈ ബാധ ഇന്ത്യയെ സംബന്ധിച്ചിടത്തോളം വളരെയൊന്നും ഇല്ലായിരുന്നു. പക്ഷെ വളർന്നുവരുന്ന ഇന്ത്യൻമുതലാളിത്തത്തിന്റെ ഫലമായിട്ടോ എന്തോ ഇന്നു ഇന്ത്യൻപത്രങ്ങളുടെ ഗതിയും അഭിനന്ദനാർഹമല്ലാതായിത്തീർന്നിട്ടുണ്ട്. അതിപ്രധാനമായ ചില കാര്യങ്ങൾമാത്രം പരിശോധിക്കാം.

ഇന്നു ദേശീയപത്രങ്ങളെന്നു എണ്ണപ്പെടുന്ന മിക്ക പത്രങ്ങളുടെയും പ്രധാനതെറ്റു മുസ്ലീംവിരോധമാണ്. അവയുടെ അധിപന്മാരുടെ ദേശാഭിമാനത്തെ ചോദ്യം ചെയ്യാതെതന്നെ, അവയുടെ പ്രവർത്തനം [illegible]ദ്രോഹപരമാണെന്നു പറയാൻ കഴിയും. വർത്തമാനപ്പത്രങ്ങളുടെ പ്രധാന ചുമതല യഥാർത്ഥ സ്ഥിതിഗതികളും സംഭവങ്ങളും ജനസാമാന്യത്തെ അറിയിക്കുക എന്നതാണ്. അഭിപ്രായപ്രകടനങ്ങളും, ഉപദേശംകൊടുക്കലും താരതമ്യേന അപ്രധാനമായ ചുമ

---

ആ ഇടവഴി ഒടുവിൽ ഞങ്ങളെ സാമാന്യം വലിയ ഒരു വീടിന്റെ മുറ്റത്തു കൊണ്ടുവന്നു ചാടിച്ചു. ആ വീട്ടിൽ നിന്നു വിവരം കിട്ടുമെന്നു കരുതി ഞങ്ങൾ മുറ്റത്തേക്കു കടപ്പാൻ ധൈര്യപ്പെട്ടു. എന്റെ ചങ്ങാതി പറഞ്ഞു. ഒരു പക്ഷെ, ഇതു തന്നെയാണു അദ്ദേഹത്തിന്റെ വീടെന്നു വന്നാലോ?

ആ മിറ്റവും വീടും വിജനമായി തോന്നി വരാന്തയിൽ ഞങ്ങളുടെ നോട്ടം വീണ ദിക്കിലെങ്ങും ആരുമില്ല. രണ്ടു ഒഴിഞ്ഞ കസേര മാത്രം അവിടെ അലക്ഷ്യമായി കിടക്കുന്നുണ്ട്. അത്തരം മാന്യതയുള്ള വീടുകളിൽ ഒരു സവിശേഷതയുണ്ട്. വഴിമദ്ധ്യത്തിൽ വെച്ച് നമ്മുടെ നോട്ടങ്ങളെ ഒരു തെല്ലിട ആകർഷിച്ചിട്ടു കടന്നുകളയുന്ന ആധുനിക ചിത്രശലഭങ്ങളില്ലെ? അവ ഇത്തരം വീടുകളിൽ പാർക്കുന്നു. മനോരാജ്യംപോലെ നീണ്ടുരുണ്ടു പോകുന്ന കുന്തളച്ചുരുളുകളെ മാടിയൊതുക്കിക്കൊണ്ടു ആകാശത്തിന്റെ അപാരതയിലേക്കു നോക്കിക്കൊണ്ടു ഒരു ചിത്രശലഭം വരാന്തയിൽ നിൽക്കുന്നുണ്ടാകും. ആ മിറ്റത്തു വിടർന്നുനിൽക്കുന്ന ഏകാന്തശാന്തതയിൽ അലിഞ്ഞുചേരുന്ന സന്ധ്യാമവമിച്ചും ആ ചിത്രശലഭത്തിനു മോടി കൂട്ടുന്നുണ്ടാകും.

ഞങ്ങൾ അപരിചിതരാണ്: ഏ ബാലകൃഷ്ണപിള്ളയുടെ വീടേതെന്നു പറഞ്ഞുതരാൻ ദയയുണ്ടാകണം. സ്വപ്നലോകത്തിൽ നിന്നു തിരിഞ്ഞുനിന്നു ഒരു മണിനാദംപോലെ അവൾ അതിനു മറുപടി പറയും. പക്ഷെ, സ്ത്രീകളെക്കുറിച്ചു എനിക്കു മതിപ്പില്ല. ആ ഭ്രാന്തു പിടിപ്പിക്കുന്ന സൗന്ദര്യത്തിൽ നിന്നു [illegible] കിഴിച്ചാൽ കിട്ടുന്നതു പൂജ്യമാണെന്നെനിക്കറിയാം.

പുരുഷൻ അവന്റെ കഴിവുകളിൽ ജീവിക്കുന്നു് സ്ത്രീ അവളുടെ സൗന്ദര്യത്തിൽ ജീവിക്കുന്നു.

കൂടുതൽ പരിഷ്കൃതമായ സാരിക്കും കട്ടിക്കറ പൌഡറിനും, കാമലേഖനത്തിനും, മനോരാജ്യത്തിനും കണ്ണഞ്ചിപ്പിരിക്കും മാത്രം സ്ഥാനമുള്ള ആ മനസ്സിൽ ഒരു ബാലകൃഷ്ണപിള്ളയെ കുറിച്ചുള്ള വിവരത്തിനു സ്ഥാനമുണ്ടാകണമെന്നില്ല. എങ്കിലും, സാഹിത്യത്തെയും സാഹിത്യകാരന്മാരെയും സർവ്വോൽകൃഷ്ടരെന്നു വാഴ്ത്തുന്നവനെങ്കിലും, ഞാനും ഒരു യുവാവല്ലെ? ആ യാദൃശ്ചികമായ—ക്ഷണികമായ—അഭിമുഖദർശനം തീരെ വികാരരഹിതമല്ല.

എന്നാൽ അത്തരം വീടുകൾക്കുള്ള മറ്റൊരു സവിശേഷതകൂടി ഓർത്തപ്പോൾ അൽപ്പം നടുങ്ങിപ്പോയി! അതുതുടലുംപൊട്ടിച്ച് ബ്ളൗം!....ബ്ളൗം എന്നലറിക്കൊണ്ട് നേരെ ഒരു ചാട്ടം ചാടിയാൽ പണികഴിഞ്ഞു.... അതുകൊണ്ടു ഉൾക്കിടിലത്തോടെയാണു ഞാൻ ഓരോ അടിയുംവെച്ചതു്. മനസ്സിലെ ഭയമല്ലാതെ അവിടെ എങ്ങും ഒരനക്കവുമുണ്ടായില്ല.

അതാ ചാരുകസാരയിൽ ആരോ ഉണ്ട്:

നാം ച്ചു താടിമീശയുണ്ടോ?

എസ്!

(ശേഷം അടുത്തലക്കത്തിൽ)

തലയാണ്. എന്നാൽ ഇന്നു കോൺഗ്രസ്സും ലീഗും തമ്മിലുള്ള വടംവലിയെപ്പററി ഇവർ കൊടുക്കുന്ന വർത്തമാനങ്ങൾ തികച്ചും ഭോഷപരമാണ്. മി. ജിന്നായുടെ വാദഗതികൾ ശരിയല്ലെന്നു വിശ്വസിക്കുന്ന ഒരു ഭൂരിപക്ഷം ഇന്ത്യയിലുണ്ട്. അഭിപ്രായം പ്രചരിപ്പിക്കുവാൻ, അതു വിശ്വസിക്കുന്നവർക്കവകാശമുണ്ട്. പക്ഷെ അതു അസത്യങ്ങൾ മൂലമായിരിക്കരുത്. പാകിസ്ഥാൻ വാദം തെററാണെന്നു പ്രചരണം നടത്താം. പക്ഷെ മി. ജിന്നായുടെ വാദത്തെ ഭൂരിപക്ഷം മുസ്ലീങ്ങളും എതിർക്കുന്നുവെന്നു വാദിക്കുകയും, ലീഗിന്റെ പ്രവർത്തനങ്ങളെ "ബ്ലാക്കൗട്ട്" ചെയ്യുകയും ചെയ്യുന്നതു ദേശാഭിമാനികളുടെ ഇടയിൽ മിഥ്യാബോധം ഉളവാക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. ഈ "ദേശീയ"പത്രങ്ങൾ പതിവായി വായിക്കുന്ന ഒരുവനു മുസ്ലീം ലീഗിനു ഒരു പിൻബലമുണ്ടെന്നു വിശ്വസിക്കുക വിഷമമാണ്. അതുകൊണ്ടാണ് ഒരു മുസ്ലീം വർത്തമാനപത്രലോകംതന്നെ ഇന്ത്യയിൽ ഉദയം ചെയ്തതു്. യഥാർത്ഥത്തിൽ ലീഗിനുള്ള ശക്തി ഇങ്ങനെ ഇകഴ്ത്തിക്കാണിക്കുന്നതിന്റെ ഫലം സാധാരണ ദേശാഭിമാനി തെററായ ചില അടിസ്ഥാനങ്ങളിന്മേൽ ചിന്തിക്കാൻ ഇടവരുന്നുവെന്നതാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു കേന്ദ്ര അസംബ്ലി തെരഞ്ഞെടുപ്പിൽ ലീഗിന്റെ സ്ഥാനാർത്ഥികളിൽ നൂറുശതമാനവും ജയിച്ചിട്ടും ദേശീയ പത്രങ്ങളുടെ ഭാവം ലീഗിനു പറയത്തക്ക വിജയവും കിട്ടിയില്ലെന്നായിരുന്നു. ഇങ്ങനെ തലതിരിഞ്ഞ ദേശാഭിമാനംകൊണ്ടായിരിക്കണം ബോമ്പയിലെ ഒരു ദിനപ്പത്രം, ഗാന്ധി-ജിന്നാ കത്തുകൾ, ഗാന്ധിജിയുടെ പ്രകടമായ അജ്ഞതയ്ക്കു തെളിവായി പ്രസിദ്ധീകരിച്ചതു്. പ്രത്യേകിച്ചു അവ മോഷ്ടിച്ചാണ് പ്രസിദ്ധീകരിച്ചതെന്നും സമ്മതിക്കേണ്ടതാണ്. അതേപത്രംതന്നെ പിന്നീടു ജിന്നായും ഇന്ത്യാസെക്രട്ടറിയുമായി നടന്നതെന്നു പറഞ്ഞു കുറെ കള്ളയെഴുത്തുകൾ പ്രസിദ്ധീകരിച്ചു. ഈ രീതിയിലുള്ള പ്രചരണം കൊണ്ട് മുസ്ലീംജനത കോൺഗ്രസ്സിലേക്കു വരികയല്ല, കോൺഗ്രസ്സിനകത്തുള്ള മുസൽമാന്മാർ ലീഗിലേക്കു പോവുകയാണെന്ന പരമാർത്ഥം പോലുമറന്ന് ഇവർ ഈ പ്രവർത്തനം തുടരുന്നതു കാണുമ്പോൾ അവരുടെ ആത്മാർത്ഥതയിലുള്ള വിശ്വാസവും നശിക്കുന്നു. ഈ "ദേശീയ" പത്രങ്ങളുടെ ഉടമസ്ഥത ധനികരായ ഹിന്ദുക്കളുടെ കൈയിലാണെന്നുള്ളതും ഈ സംശയത്തിനു ബലം കൊടുക്കുന്നു. പ്രശസ്തമായ ഒരു ദേശീയ പാരമ്പര്യമുള്ള "മോഡേൺറിവ്യൂ" ഇന്നു വായിക്കുന്ന ഒരാൾ ഒരു സനാതനിയിൽ കുറഞ്ഞവനായിരുന്നാൽ, ആ മാസികയുടെ അധഃപതനം മനസ്സിലാക്കാതിരിക്കയില്ല. പ്രചരണത്തിനായി വാർത്താവിതരണത്തിൽ കളവു ചെയ്യുന്നതിന്റെ ഫലം ഇന്ത്യൻപത്രലോകം പരസ്പര വിരോധത്തോടുകൂടിയ രണ്ടു ചേരികളായി തിരിയുമെന്നതാണ്. ഇരുചേരികളും ഈ അനാശാസ്യനടപടികൾ പിന്തുടരുകയും ചെയ്യും.

മറെറാരു പതിവ് കമ്യൂണിസ്റ്റ് വിരോധമാണ്. ഇതിൽ ഒരു കാര്യം ആദ്യമേ വ്യക്തമാക്കേണ്ടതുണ്ട്, 1942-ലെ കമ്യൂണിസ്റ്റ് നയത്തെ എതിർക്കുന്നുവെന്ന ഭാവേനയാണ് മിക്ക പത്രങ്ങളും ഈ തൊഴിൽ നടത്തുന്നതു്. വായനക്കാരിൽ ഭൂരിപക്ഷവും ഈ പ്രചരണത്തിൽ പെട്ടുപോകുന്നതു അവർക്ക് 1942-ലെ കമ്യൂണിസ്റ്റ് നയത്തോടു എതിർപ്പുള്ളതുകൊണ്ടാണ്. പക്ഷെ, ഒന്നതിശയമാണ്; ഇന്ത്യൻപത്രങ്ങളിലൊന്നുപോലും അങ്ങിനെയല്ല. അവർ ഒരിക്കലും കമ്യൂണിസ്റ്റനുഭാവികളായിരുന്നിട്ടില്ല. അവർ 1942-ലെ കമ്യൂണിസ്റ്റ് നയത്തെയല്ല ഭയപ്പെടുന്നതു്, അവരുടെ താൽപര്യങ്ങൾക്കപകടകരമായ നിലയിൽ ആ കക്ഷി വളരുന്നതിനെയാണ്.

1943 ജനുവരിയിൽ രാഷ്ട്രീയ രംഗത്തുള്ളവരെല്ലാം വ്യാജനിർമ്മിതമെന്നു സമ്മതിച്ച ജോഷിസർക്കുലർ 1945-ൽ ബോംബെയിലെ ഫ്രീപ്രസ്സിലും നെഹ്‌റുവിന്റെ നാഷനൽ ഹെറാൾഡിലും മാതൃഭൂമിയിലും പ്രസിദ്ധീകരിക്കുന്നതു നീതിബോധത്തിന്റെ പാരമ്യമായിരിക്കുകയില്ലല്ലോ. കെ ബി ഗോൾവാലായുടെയും, ഇന്ത്യൻ സീമെൻസ് യൂണിയൻ സിക്രട്ടറിയുടേയും കൊലപാതകത്തിനു ഈ ദേശീയപത്രങ്ങൾ ഒരു പ്രാധാന്യവും കാണാതിരുന്നിട്ടാണോ പ്രസിദ്ധീകരിക്കാതിരുന്നതു്. അതോ പ്രാധാന്യം കണ്ടിട്ടുതന്നെയായിരിക്കുമോ. കോൺഗ്രസ്സുകാർ നടത്തിയ യോഗങ്ങളിൽ, കമ്മ്യൂണിസ്റ്റുകാർ ബഹളമുണ്ടാക്കി എന്നു് എത്ര റിപ്പോർട്ടുകൾ മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രചരണത്തിനു കാണുന്ന പ്രത്യേകത 1942 ആരംഭിക്കാതിരുന്നിട്ടും പിന്നീടു ഉത്തരവാദിത്വം ഏറെറടുത്ത കോൺഗ്രസ്സിന്റെ പത്രങ്ങളും 1942 നെ എതിർത്ത ലീഗിന്റെ പത്രങ്ങളും ഇക്കാര്യത്തിൽ ഒരുമിക്കയാണെന്നുള്ളതു അനുമാനം വ്യക്തമാണല്ലോ.

അന്തർദേശീയരംഗത്താണ് നമ്മുടെ പത്രങ്ങളുടെ മറെറാരു രോഗം. ഇക്കുറി ഇവ റോയിട്ടറെയും തോൽപ്പിക്കുന്നുണ്ട്". വിദേശരാജ്യങ്ങളെപ്പററിയുള്ള വർത്തമാനങ്ങൾ സ്വന്തമായി കെട്ടിവലിക്കുക എന്നതു് ഈ നാട്ടിലെ പത്രങ്ങൾക്ക് ഇല്ലാതിരുന്ന ഒരു രോഗമാണ്. ഇതിന്റെ അടിസ്ഥാനം സോവിയററു വിരോധമാണ്. അതു് അത്ര കാര്യമാക്കാനില്ല. ഗോയെങ്കായും പിഷാരടിയും സാക്ഷിപത്രമെഴുതാത്തതുകൊണ്ടു സോവിയററുവള്ളത്തെ ദുരിതമനുഭവിക്കേണ്ടിവരികയില്ല. ഈ നയം നമ്മെ എവിടെ എത്തിക്കുന്നുവെന്നതാണ് പ്രധാനം. ഗ്രീസിന്റെ കാര്യത്തിലാണെങ്കിൽ ഗ്രീസിലെ റീജൻറിനെയും, സ്ക്കോബിയെയും അതുവഴി ചർച്ചിലിനെയും നീതീകരിക്കേണ്ടിവരുന്നു. യൂഗോസ്ലാവ്യായിലാണെങ്കിൽ ഒരു തെരഞ്ഞെടുപ്പ് നടത്തീട്ട് അതിന്റെ യാതൊരു വിവരവും നമുക്കു കിട്ടിയിട്ടില്ല. പോളണ്ടിന്റെ കാര്യം നമ്മെ ചേമ്പർലെയിൻ പക്ഷപാതികളാക്കിത്തീർക്കുന്നു. പേർഷ്യയെപ്പററിയുള്ള വർത്തമാനങ്ങളുടെ സ്ഥിതിയും ഇതുതന്നെ. ചുരുക്കത്തിൽ സോവിയററു വിരോധം സാർവലൗകിക രംഗത്തു് നമ്മെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ സ്തുതിപാഠകന്മാരാവാൻ നിർബന്ധിക്കുന്നു. എത്രയൊക്കെയായാലും ബ്രിട്ടനെ നീതീകരിക്കാൻ കഴിയുകയില്ലെന്നു വിചാരിക്കുന്ന ഒരു വിഭാഗം അമേരിക്കയാണ് സ്വർഗ്ഗം എന്ന പ്രചരണം തുടങ്ങേണ്ടിവരുന്നു. ഇതിലൊക്കെ നിർഭാഗ്യകരമായിട്ടുള്ളതു് ഫ്രാങ്കോഭരണത്തെ നീതീകരിക്കുകയെന്നതാണ്,

ചൈനയുടെ കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. സൺയാററ്സെൻ കെട്ടിപ്പൊക്കിയ ജനാധിപത്യഭരണത്തിന്മേൽ ഏകാധിപത്യക്കൊടിനാട്ടിയ അമേരിക്കൻ പാവ ചിയാങ്ങിന്റെ പ്രവൃത്തികളെ ഉൽഘോഷിക്കുകയാണ് നമ്മുടെ പത്രങ്ങൾ ചെയ്യുന്നതു്. കമ്യൂണിസത്തോടും ചൈനായിലെ കമ്യൂണിസ്റ്റ് പാർട്ടിയോടും, സോവിയററുയൂണിയനോടും ഉള്ള വിദ്വേഷം ഒരു അടിമരാജ്യത്തെ എത്രമാത്രം അധഃപതിക്കുന്നെന്നു നോക്കുക. എഡ്ഗാർസ്നോയും കോൺഗ്രസ് മെഡിക്കൽമിഷനും, വെൻഡൽവിൽക്കിയും അങ്ങനെ കമ്യൂണിസ്റ്റുകളല്ലാത്ത മററുള്ളവരും നൽകിയ അറിവുകൾ നമ്മുടെ പത്രാധിപന്മാരുടെ കണ്ണു തുറപ്പിച്ചിട്ടില്ല.

യഥാർത്ഥവർത്തമാനങ്ങൾ ജനതയ്ക്കു കൊടുക്കണമെന്ന പത്രധർമ്മത്തെ അടിസ്ഥാനപ്പെടുത്തിയല്ല ഇത്രയും പറഞ്ഞതു്. ദേശീയമെന്നു സ്വയം അഭിമാനിക്കുന്ന പത്രങ്ങൾ വളർത്തിക്കൂട്ടുന്ന വിപത്തിനെ മാത്രമാണു ഇവിടെ ചൂണ്ടിക്കാണിക്കുന്നതു. അമേരിക്കയിലെ ബാങ്കുകാരും ഇംഗ്ലണ്ടിലെ പ്രഭുക്കന്മാരും നമ്മുടെ സ്വാതന്ത്ര്യസമരത്തിനു സഹായികളാവുകയില്ല. ഫ്രാങ്കോയും സ്മട്ട്സും ഇന്ത്യയെ സഹായിക്കുകയില്ല. നമുക്കു സാർവലൗകികമായി ആശിക്കാവുന്ന സഹായം പുരോഗമനശക്തികളിൽ നിന്നു മാത്രമാണ്. ചിയാങ്ങിനെയും ട്രൂമാനെയും നീതീകരിക്കുവാൻ വെമ്പൽകൊള്ളുന്ന ഒരു രാഷ്ട്രമാണു നാം എന്നാണു നമ്മുടെ ദേശീയപത്രങ്ങൾ ഇന്നു നമ്മെ ചിത്രീകരിക്കുന്നതു, ഫാഷിസത്തിനും, സാമ്രാജ്യത്വത്തിനും കൂട്ടുനിൽക്കുന്ന ഒരു കൊള്ളാ

(ശേഷം 12-ാം പേജിൽ)

രജനി പാമിദത്ത്

# എന്റെ ഇന്ത്യൻ പര്യടനം

(3)

ഏപ്രിൽ 4

ആദ്യം വന്ന പക്ഷിക്കു പുഴുവിനെ പിടിക്കാം. മി. ഗാന്ധിയെ സന്ദർശിക്കുകയെന്ന കാര്യത്തിലും ഇതു ബാധകമാണ്. തന്റെ സാധാരണ പതിവനുസരിച്ച് അദ്ദേഹം ഇന്നു കാലത്തു 6-30 ന് എനിക്കു സന്ദർശനമനുവദിക്കാമെന്നാണു നിശ്ചയിച്ചിരുന്നത്. പക്ഷേ, എന്തോ എനിക്കതിനു ഭാഗ്യമുണ്ടായില്ല.. ഞങ്ങൾ സംഭാഷണം തുടങ്ങിയപ്പോഴേക്കും കോൺഗ്രസ് പ്രസിഡണ്ട് മൌലാനാ ആസാദ് അവിടെ ആഗതനായി. അതുകൊണ്ടു ഞങ്ങൾക്കു സംഭാഷണം മാററിവക്കേണ്ടതായിവന്നു. തനിക്കു സ്വതഃസിദ്ധവും മഹനീയവുമായ ഒരു സൌഹാർദ്ദഭാവത്തോടെ, തന്നെ സന്ദർശിക്കാൻ വരുന്നവരെയെല്ലാം സ്നേഹപൂർവ്വം തൃപ്തിപ്പെടുത്തുമാറ്, മി. ഗാന്ധി ഈ സംഭാഷണം തുടരുവാൻ യഥാർത്ഥത്തിൽ തനിക്കു വലിയ ഉൽക്കണ്ഠയുണ്ടെന്നു ഊന്നിപ്പറയുകയും ഇനി തനിക്കു സാധിക്കുന്ന ഏററവും അടുത്ത സന്ദർഭത്തിൽ തന്നെ അതിനുള്ള സമയം നിശ്ചയിക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. അദ്ദേഹം തുടർന്നു:-

'നിങ്ങൾ എന്റെ കണ്ണുകളിലേക്കു നോക്കു, ഞാൻ ആത്മാർത്ഥതയോടെയാണിതു പറയുന്നതെന്നു നിങ്ങൾക്കു ബോദ്ധ്യമാകും'

അദ്ദേഹം ആ വാക്കുകൾക്കു യോജിച്ച തരത്തിൽതന്നെ പ്രവൃത്തിച്ചു, കുറച്ചുദിവസങ്ങൾക്കകം ഞങ്ങൾക്കു വളരെയധികം പ്രിയതരമായിത്തോന്നിയ ഒരു മണിക്കൂർനേരം നീണ്ടുനിന്ന സംഭാഷണം നടത്തുവാൻ സാധിച്ചു.

മററുസംഗതികളുടെ കൂട്ടത്തിൽ, കോൺഗ്രസ്സും കമ്മ്യൂണിസവുമെന്ന പ്രശ്നത്തെപ്പററിയും ഞങ്ങൾ സംസാരിച്ചു. ഇന്നു നിലവിലുള്ള കുഴപ്പങ്ങൾ തീക്കാൻ സാധിക്കുമെന്ന എന്റെ പ്രത്യാശക്കു അദ്ദേഹം സൌഹാർദ്ദപൂർവകമായ ശുഭാശംസകൾ നൽകി. താൻ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുനേതാക്കന്മാരുമായി ധാരാളം സംഭാഷണങ്ങൾ നടത്തിയിട്ടുണ്ടെന്നും അവരുടെ ആദർശധൈര്യത്തെയും പ്രവർത്തനത്തിനുള്ള കഴിവുകളെയും താൻ ബഹുമാനിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. പക്ഷേ, തനിക്കും അവർക്കും മദ്ധ്യേ അന്യോന്യം 'അടക്കാൻ നിവൃത്തിയില്ലാത്ത ഒരു തടസ്ഥം, ഉള്ളതായി അദ്ദേഹത്തിനു തോന്നുന്നുണ്ടത്രേ; ഇതിൽ അമ്പരന്നുപോയ ഞാൻ ചോദിച്ചു, ഞാനുമായി സംസാരിക്കുന്നതിൽ അദ്ദേഹത്തിന്നു അങ്ങിനെ 'അടക്കാൻ നിവൃത്തിയില്ലാത്ത തടസ്ഥം' വല്ലതും ഉള്ളതായിത്തോന്നുന്നുണ്ടോ എന്ന്- അങ്ങിനെ യാതൊന്നുമില്ലെന്നും എന്നോടു സംസാരിക്കുന്നതിൽ അദ്ദേഹത്തിനു തികഞ്ഞ ആത്മവിശ്വാസവും സംതൃപ്തിയും തോന്നുന്നുണ്ടെന്നും അതിന്നദ്ദേഹം മറുപടി പറഞ്ഞു. ഈ കാര്യം കൂടുതൽ വ്യക്തമാക്കാൻ വേണ്ടി 'അടക്കാൻ നിവൃത്തിയില്ലാത്ത തടസ്ഥം, എന്താണെന്നു ചോദിക്കുവാൻ തന്നെ ഞാൻ സാഹസപ്പെട്ടു. കമ്മ്യൂണിസ്റ്റുകാർ "ബഹുജനപ്രവർത്തനശക്തി" യിൽ വിശ്വസിക്കുന്നുവെന്നതിൽ നിന്നാണ് ഈ "തടസ്ഥം" മുളവായിട്ടുള്ളതെന്നു അദ്ദേഹം പ്രതിവചിച്ചു. ഇതിൽ കുറച്ചുകൂടി വെളിച്ചം പതിപ്പിക്കണമെന്നു ഞാനാവശ്യപ്പെട്ടപ്പോൾ, തങ്ങളുടെ രാഷ്ട്രീയശത്രുക്കളെ തട്ടിക്കൊണ്ടുപോവുകയും കൊന്നുകളയുകയും ചെയ്യുകയെന്ന സ്വഭാവം കമ്മ്യൂണിസ്റ്റുകാർക്കുണ്ടെന്നാണു താൻ മനസ്സിലാക്കിയിട്ടുള്ളതെന്നു അദ്ദേഹം വിശദീകരിച്ചു. കൊലപാതകത്തെ ഒരു രാഷ്ട്രീയായുധമായി ഉപയോഗിക്കുന്നതിൽ വിശ്വസിച്ചിരുന്ന വിപ്ലവകാരികളുടെ വിവിധങ്ങൾക്കെതിരായി വളരെക്കാലം നീണ്ടുനിന്നതും ഒടുവിൽ വിജയപ്രദവും ചരിത്രപ്രസിദ്ധവുമായ ഒരു സമരംതന്നെ കമ്മ്യൂണിസ്റ്റുകാർ നടത്തിയിട്ടുണ്ടെന്നും, ഇന്ത്യയുൾപ്പടെ അനേകരാജ്യങ്ങളിൽ മുമ്പുഭീകരപ്രസ്ഥാനക്കാരായിരുന്നവരിൽ മിക്കവരേയും മാർക്സിസത്തിലേക്കു തിരിച്ചുവിടുന്നതിനു ഈ സമരം വാസ്തവത്തിൽ പ്രയോജനപ്പെട്ടിട്ടുണ്ടെന്നും വിവരിക്കുവാൻ ഞാൻ ശ്രമിച്ചു. തന്റെ എതിരാളികളോടു സ്റ്റാലിൻ എടുക്കുന്ന തന്ത്രത്തെപ്പററിയാണ് താൻ മുമ്പ പറഞ്ഞതെന്നായി മി. ഗാന്ധി. അപ്പോൾ, ഇവിടെ തികച്ചും വ്യത്യസ്തമായ ഒരു പ്രശ്നത്തെപ്പററിയാണ് അതായതു, ഒരു ഭരണകൂടത്തിന്റെ പ്രവൃത്തിയെപ്പററിയാണ്, അഭിപ്രായവ്യത്യാസവും കുഴപ്പവുമുളവായിട്ടുള്ളതെന്നു എനിക്കു തോന്നുന്നുവെന്നും, ഓരോ ഭരണകൂടത്തിനും അതിന്റേതായ ഒരു ശിക്ഷാനിയമമുണ്ടായിരിക്കുമെന്നും, കുററക്കാരുടെ നേരെ ആ നിയമമനുസരിച്ച് ഓരോ ഭരണകൂടവും നടപടിയെടുക്കേണ്ടിവരുമെന്നും, ഇന്നു കോൺഗ്രസ്സിന്റെ ഭരണം ഇവിടെ വരുമ്പോഴും അതുതന്നെയായിത്തീരുവാൻ പോകുന്നതെന്നും വീണ്ടും വിശദീകരിക്കാൻ ഞാൻ പരിശ്രമിച്ചു "സംശയമില്ല", മി: ഗാന്ധി പറഞ്ഞു, "പക്ഷേ കോൺഗ്രസ്സിന്റെ ഭരണകൂടം എന്റെ ഭരണകൂടമായിരിക്കയില്ല"

മുകളിൽ ചേർത്ത സംഭാഷണത്തിൽനിന്നും ഇന്ത്യൻ നേതാക്കന്മാരുമായി ഞാൻ നടത്തിയ മററനേകം സംഭാഷണങ്ങളിൽനിന്നും ഒരു കാര്യം എനിക്കു വ്യക്തമായി. 20 കൊല്ലം മുമ്പു "പ്രിംറോസ് ലീഗി"നെ സംബന്ധിച്ചിടത്തോളം അന്തഃസാരമില്ലാത്ത ഒരു പോകതയായി വളർന്നുവന്നതും 'ബോളോ,വിന്റേയും "കൈയിൽ ബോംബും പിടിച്ചുകൊണ്ടുനിൽക്കുന്ന മനുഷ്യന്റെ"യും മഹനീയമായ പുരാതനകാലത്തെ ഓർമ്മിപ്പിക്കുന്നതുമായ ലഘുതരമായ ചില തെററിദ്ധാരണകൾ കമ്മ്യൂണിസത്തെ സംബന്ധിച്ച് ഈ രാജ്യത്തു ഇന്നും പരക്കെ പടർന്നുപിടിച്ചിട്ടുണ്ട്. വിദേശങ്ങളിൽനിന്നു ഇവിടെവരുന്ന രാഷ്ട്രീയപ്രവർത്തകരായ സന്ദർശകന്മാർക്ക് ഇതുമൂലം, തങ്ങൾ വല്ല കടൽച്ചുഴിയിലുമുള്ള ചളിക്കുണ്ടിൽ തപ്പിത്തടഞ്ഞു ഗതിമുട്ടിനിൽക്കുകയാണെന്നു തോന്നിപ്പോകാനിടയുണ്ട്. നെഹ്റു ഒഴിച്ചു മററു കോൺഗ്രസ് നേതാക്കന്മാരിൽ വളരെ ചുരുക്കംപേർക്കുമാത്രമേ എന്തെങ്കിലും ഒരുകാലത്തുപോലും സാർവദേശീയകാര്യങ്ങളുമായി എന്തെങ്കിലും ഒരുബന്ധം ഉണ്ടായിട്ടുള്ളു. ഇപ്പോൾ നെഹ്റുവിനുപോലും ഗണ്യമായവിധം ഈ ബന്ധം അററുപോയിട്ടുള്ളനിലയാണ്. ഞാൻ നെഹ്റുവുമായി നടത്തിയ ഒന്നാമത്തെ സംഭാഷണത്തിൽതന്നെ അദ്ദേഹം എന്നോടു തുറന്നു സമ്മതിക്കുകയുണ്ടായി, 3 മാസക്കാലമായി താൻ യാതൊരു വൃത്താന്തപത്രവും വായിച്ചിട്ടില്ല; അതുകൊണ്ടു സാർദേശീയസംഭവവികാസങ്ങൾ താൻ ശരിക്കു മനസ്സിലാക്കിയിട്ടില്ല എന്ന്!

എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികളുമായി ഞാനിവിടെവച്ചു നടത്തിയ സംഭാഷണങ്ങളിൽ മുഴുവൻ മുന്നിനിൽക്കുന്നതായി എനിക്കു തോന്നിയ ഏററവും വലിയ വിഷമത ഇവിടുത്തെ സ്ഥിതിവിശേഷത്തിലുള്ളതും യുദ്ധംനടന്ന ആറുകൊല്ലക്കാലമാകെ നിർബന്ധപൂർവകമായ ഒററതിരിച്ചുനിർത്തലിന്റെ ഫലമായി ലോകജനാധിപത്യ പ്രസ്ഥാനത്തിന്റെ പൊതുമുന്നേററവുമായി ഇന്ത്യാക്കാർക്കുണ്ടായിരുന്ന ബന്ധം അടങ്ങേയററം ശിഥിലമായിപ്പോയിരിക്കുന്നു എന്നതാണ്. ഇന്ത്യയ്ക്കുപുറത്തുള്ള ലോകത്തിലെ മുഴുവൻവർത്തമാനങ്ങളും ഇന്ത്യയിൽ വിതരണംചെയ്യുന്നതിനുള്ള ഏകമാത്രകുത്തകക്കാർ ലണ്ടനിലെ അർദ്ധൌദ്യോഗികവൃത്തങ്ങളായതുകൊണ്ടു, സ്വഭാവികമായി, ഇവിടുത്തെ പൊതുജനാഭിപ്രായത്തിൽ പല കറകളും പിടിച്ചിട്ടുണ്ട്; എന്നല്ല, സോവിയററു വിരോധ പ്രചാരണം ക്ഷിപ്രസാദ്ധ്യവുമായിരിക്കുന്നു. കാ ണം, കാ ര തി ന്റെ

(ശേഷം അഞ്ചാംപേജിൽ)

(4-ാംപേജിൽനിന്നുതുടർച്ച)

പിടിച്ചുകൊണ്ടുവരുവാൻ രാജാവു മന്ത്രിയെ അയച്ചു. അതുഅറിഞ്ഞഉടൻ പ്രജകൾ ക്ഷോഭിച്ചു. അവർ വിപ്ലവംതുടങ്ങി. മന്ത്രി വധിക്കപ്പെട്ടു രാജധാനി ആക്രമിക്കപ്പെട്ടു. രാജാവുബന്ധനസ്ഥനായി പക്ഷേ, രാജാവിനെ വധിക്കുവാൻ ശ്രുതി ഇഷ്ടപ്പെട്ടില്ല. അവിടം വിട്ടുപോയ്ക്കൊള്ളുവാൻ അയാളോടാജ്ഞാപിച്ചതേ ഉള്ളൂ. അയാൾ പോയി. അങ്ങനെ, ആ രാജവാഴ്ച എന്നന്നേക്കുമായി അവസാനിച്ചു.

ഞാൻ നിശബ്ദമായിരുന്നു. അയാളുടെ കഥകേട്ടു! കഥപറഞ്ഞുതീന്നു് അയാൾ കണ്ണുനീർ തുടയ്ക്കുകയാണ്. എന്തെന്നും സംശയം വികാരാധിക്യത്തോടെ ഞാൻ അയാളെ നിർന്നിമേഷം നോക്കി. അതെ, അയാളുടെ രാജാവായിരുന്നു! പ്രജകളുടെ രക്തത്തിൽ സിംഹാസനമുറപ്പിച്ചുവാണിരുന്ന ഒരു രാജാവു്! റഷ്യയിലെസാറും ഫ്രാൻസിലെലൂയിയും എന്റെ സ്മരണയിൽ ഉദിച്ചുയർന്നു. ജനങ്ങളുടെ വിപ്ലവാഗ്നിയിൽ വീണു വെന്തെരിഞ്ഞ ഭരണകർത്താക്കൾ! അവരെപ്പോലെ മരണത്തിനു പാത്രമായില്ലെങ്കിലും രാജഭ്രഷ്ടനായ ഒരാൾ ഇതാ എന്റെ മുമ്പിലും നിൽക്കുകയാണ്!

ഞാൻ നിശബ്ദത ഭഞ്ജിച്ചു:

നിങ്ങൾ എന്തിനാണു് ഇവിടെനിൽക്കുന്നതു്?

അയ്യോ എനിക്കു കൈപാക്കാനറിയും അയാൾ ശോകാത്മകമായ ഒരു മന്ദഹാസംതൂകിപറഞ്ഞു.

അപ്പോൾ നിങ്ങൾ ഒരു കൈരേഖാശാസ്ത്രജ്ഞനായി കഴിയുകയാണ്, അല്ലേ? ഞാൻ വീണ്ടുംചോദിച്ചു.

ആമാ അയാൾ പറഞ്ഞു

അതു് അയാളുടെ ഇപ്പോഴത്തെ വയറുപിഴപ്പിനുള്ള മാർഗ്ഗംമാത്രമാണെന്നു് എനിക്കുമനസ്സിലായി ആശാന്റെ ഒരു പദ്യംഞാൻപെട്ടെന്നു ഓർമ്മിച്ചുപോയി. "ഹാ പുഷ്പമേ! അധികതുംഗപദത്തിലെത്ര........"

ഞാൻ മകനെ മടിയിൽ നിന്നും താഴെ ഇറക്കി നിറുത്തി, എണീററു മുറിയിൽ ചെന്നു മേശയിൽ നിന്നും നാലണ എടുത്തു കൊണ്ടു വന്നു അയാളുടെ നേർക്കു നീട്ടി അയാൾ രണ്ടുകൈയും നീട്ടി വാങ്ങിച്ചു.

ഞാൻ പറഞ്ഞു:—എനിക്കു കൈനോട്ടത്തിലൊന്നും വിശ്വാസമില്ല. നിങ്ങൾക്കു പോകാം.

അയാൾ നന്ദി പറഞ്ഞു നടന്നു. ഗേററിൽ അപ്പോഴും ആളുകൾ നിൽപുണ്ടു് അയാൾ ഗേററും കടന്നു റോഡിൽ ഇറങ്ങിയപ്പോൾ വീണ്ടും ബഹളവും കൂക്കുവിളിയും കേൾക്കായി.

അടുത്തു നിന്ന മകൻ എന്നോടു ചോദിച്ചു, അച്ഛാ! ഈ രാജാവിനു രാജ്യമില്ലേ? ഇല്ല മോനെ ഞാൻ പറഞ്ഞു.

അതെന്താ, അച്ഛാ? അവന്റെ പിന്നെയും ഒരു സംശയം.

---


# രക്ഷാകേന്ദ്രം

# ശശാങ്ക

മൂത്രാശയ രോഗങ്ങൾ പിടിപെട്ടു യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ടു വലയുന്ന സഹോദരീസഹോദരന്മാർക്കു പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണു്. സ്ഖലനം, പഴുപ്പുപോക്കു്, പ്രമേഹം മൂത്രച്ചുടിച്ചിൽ, മൂത്രത്തിലുള്ള അടിവു്, (കലക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം, (വെള്ളപോക്കു്) രക്തപോക്കു് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം. 24 നേരത്തേക്കുള്ള പാക്കററൊന്നിനു് വില രൂപാ 3 പാക്കിംഗ് പോസ്റ്റേജ് അഞ്ചണ എട്ടണ. തപാലിൽ ഒരു രൂപാ.

വിജയാ ഫാർമസി,

H O തട്ടാരമ്പലം A.O. മാവേലിക്കര—തിരുവിതാംകൂർ

---

# ബ്ലഡ്-ഇൻ-ദ്രാക്ഷാ

നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുത്തു താരുണ്യത്തെയും ലാവണ്യത്തെയും പ്രദാനം ചെയ്യുന്നു.

രക്തശുദ്ധിക്കും പ്രസവാനന്തരമുള്ള ആരോഗ്യാഭിവൃദ്ധിക്കും അത്യുത്തമം. എല്ലാ മരുന്നുഷാപ്പുകളിലും കിട്ടും

എസ് ജി ഏ ഫാർമസി

കോട്ടയം

---

# മന്മഥചിന്താമണിലേഹ്യം

ഇതു് പുരുഷന്മാർക്കു് ധാതുസംബന്ധമായുണ്ടാകുന്ന എല്ലാവിധ രോഗങ്ങളേയും ഉന്മൂലനാശം ചെയ്തു് ശരീരത്തിനു നല്ലഓജസ്സും, തേജസ്സുമുണ്ടാക്കുന്നു. ധാതുക്ഷയത്താലോ മററതെങ്കിലും സുഖക്കേടുകളാലോ ശരീരം മെലിഞ്ഞു് കണ്ണുകുഴിഞ്ഞു് നടക്കാൻപോലും ശക്തിയില്ലാതെ അസ്ഥിയും തൊലിയും മാത്രം ശേഷിച്ചു് മനസ്സിടിഞ്ഞു് കഷ്ടപ്പെടുന്നവർക്കു് ഇതൊരു ആപൽബന്ധുവാണു്. സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, ധാതുക്ഷയം മുതലായ സുഖക്കേടുകളാൽ നിരാശപ്പെട്ടു് മനസ്സിടിഞ്ഞു ലജ്ജകൊണ്ടു വെളിയിൽ പറയാൻ മനസ്സില്ലാതെ വലയുന്നവർക്കു് ഇതൊരു ദിവ്യാമൃതമാണു്. പരീക്ഷിച്ചുനോക്കുവിൻ!! റാത്തൽ ഒന്നിനു് വില 4—8—0 ക്യാററ്ലാഗ്ഗ് ഇനാം

മദ്രാസ് മെഡിക്കൽഹാൾ പുത്തൻചന്ത

തിരുവനന്തപുരം

---

# പോയ തലമുറ

പട്ടം, മന്നം, കുഞ്ചുരാമൻ മാമ്മൻമാപ്പിള, കെ ജി പരമേശ്വരൻ പിള്ള ഈ സുബ്രഹ്മണ്യയ്യർ, എം ഗോവിന്ദൻ, ഏ ബാലകൃഷ്ണപിള്ള ഇവരുടെ തൂലികാചിത്രങ്ങൾ. By സി നാരായണപിള്ള.

പേജ് 120. വില 1 ക. 4 ണ. നാഷനൽ ബുക്ക് സ്റ്റാൾ, കളരിക്കൽ ബസാർ, കോട്ടയം.

# ഓണത്തിന്റെ വെല്ലുവിളി

(2-ാം പേജിൽനിന്നു തുടർച്ച)

കടെ സാധനങ്ങൾ വിററഴിക്കുവാൻ അവർ നമ്മുടെ നാടിനെ ഒരു ചന്തയാക്കിയപ്പോൾ അന്നുവരെ കേരളത്തിൽ സമുദായമദ്ധ്യത്തിൽ മാന്യമായ സ്ഥാനത്തോടുകൂടി കഴിഞ്ഞിരുന്ന കൈത്തൊഴിലിൽ ഏർപ്പെട്ടിരുന്ന വൻപിച്ച ഒരു ജനവിഭാഗം പണിയില്ലാത്തവരായി.

കൈത്തൊഴിൽ നശിച്ചുപോയതിൽ സങ്കടമില്ല. നവീന കണ്ടുപിടുത്തങ്ങളും സയിൻസും വളർന്നതോടുകൂടി യന്ത്രവ്യവസായങ്ങൾ പടർന്നു പിടിക്കുന്നതും കൈത്തൊഴിലുകൾ നശിക്കുന്നതും സാധാരണമാണ്. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ഇതുണ്ടായിട്ടുണ്ട്.

എന്നാൽ പഴയ വ്യവസായങ്ങൾക്ക് പകരം പുതിയ യന്ത്രവ്യവസായങ്ങൾ അന്യരാജ്യങ്ങളിലെല്ലാം വളർന്നുവന്നിട്ടുണ്ടെങ്കിൽ കേരളത്തിലാകട്ടെ പുതിയ യന്ത്രവ്യവസായങ്ങൾ വളരുവാൻ അനുവദിച്ചില്ല.

ചുരുക്കം ചില വ്യവസായങ്ങൾ വളർന്നുവന്നിട്ടുണ്ടെങ്കിൽ അതെല്ലാം കേരളത്തിലെ വിഭവങ്ങളെയും ജനങ്ങളെയും ചൂഷണം ചെയ്യുന്നതിനു വിദേശിയമുതലാളിമാരുടെ ആയുധങ്ങളുമാണ്. കേരളത്തിലുള്ള തേയിലത്തോട്ടങ്ങളും കാപ്പിത്തോട്ടങ്ങളുമെല്ലാം സായിപ്പന്മാരുടെ വകയാണ്. ഏററവും പ്രാധാന്യമർഹിക്കുന്ന കയർഫാക്ടറികളും ഓട്ടുകമ്പനികളും മുക്കാലും വെള്ളക്കാരായ മുതലാളിമാരുടെ ഉടമസ്ഥതയിലാണ്. ആലുവായിലെ അലൂമിനിയം നിർമ്മാണശാലയും മററും കാനഡാക്കാരുടെയും മററും അവകാശത്തിലാണ്.

പീയേഴ്സ് ലെസ്ലി, കണ്ണൻദേവൻ, വില്യം ഗുഡേക്കർ മുതലായ യൂറോപ്യൻ കമ്പനികൾ മലയാളികളുടെ സാമ്പത്തിക അടിമത്വത്തിന്റെ പ്രത്യക്ഷലക്ഷണമാണ്.

യൂറോപ്യൻ മുതലാളികളെ കഴിഞ്ഞാൽ ഗുജറാത്തിയിലും കൊച്ചിലുമുള്ള സേട്ടുമാരും തമിഴ്നാട്ടിലെ ചെട്ടിയാരന്മാരുമാണ് കേരളത്തിലെ അധിക മുതലാളികൾ. തോട്ടങ്ങളും ഫാക്ടറികളും അധികവും യൂറോപ്യന്മാരുടെ കയ്യിലാണെങ്കിൽ കച്ചവടവും വ്യവസായവും ഇവരുടെ കയ്യിലാണ്. നമ്മുടെ സാമ്പത്തികജീവിതത്തെ നയിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമുള്ള അവകാശവും സ്വാതന്ത്ര്യവും ഈ നിലയിൽ മലയാളികളുടെ കയ്യിലല്ലാത്തതിൽ എന്താണത്ഭുതം.

നമ്മുടെ വ്യവസായത്തെ മാത്രമല്ല സാമ്രാജ്യഭരണം നശിപ്പിച്ചതു കൃഷിയെയും നശിപ്പിച്ചു. ഇതിനു പ്രധാനകാരണം ഭൂവുടമസമ്പ്രദായത്തിൽ ബ്രിട്ടീഷ് ഭരണാധികാരികൾ കൈക്കൊണ്ട നയമാണ്. നാടിനറിയുന്ന നിലയിൽ ഇത്തിക്കണ്ണിവർഗ്ഗമായ ജന്മിമാരെ സൃഷ്ടിച്ചതും ബ്രിട്ടീഷ്സാമ്രാജ്യത്വമാണ്.

കൃഷിചെയ്യുവാനുള്ള ഭൂമിയുടെ നല്ല ഭാഗവും കൃഷിയിലോ നാട്ടുകാരുടെ ആഹാരത്തിലോ താല്പര്യമില്ലാത്ത ജന്മിമാരുടെ സ്വാധീനമാക്കി. ഈ നിലയിലാണു നമ്മുടെ കൃഷി അധഃപതിച്ചതും.

ഇതു നിരുത്തരവാദികളും ചൂഷകന്മാരുമായ ഒരു വർഗ്ഗത്തെ സൃഷ്ടിച്ചതിന്റെ ഫലമായി കേരളത്തിന്റെ നട്ടംപുറമാകെ നശിച്ചു, വരികയാണ്. തലപൊളിയുന്ന പാട്ടവും അമിതമായ പൊളിച്ചെഴുത്തും കാരണം കേരളത്തിലെ കൃഷിക്കാർ ദിവസം ചെല്ലുംതോറും പാപ്പരായി വരികയാണ്. കൃഷിക്കാരനെ ജീവിക്കാൻ അനുവദിക്കാതെ എങ്ങിനെ കൃഷി വളരും. കൃഷി വളർത്തുന്നതിനാവശ്യമായ ജലസേചന പദ്ധതികൾ തുടങ്ങിയ പരിപാടികളൊന്നും ഭൂമി ജന്മിമാരുടെ കുത്തകയായിരിക്കുന്നകാലത്തോളം സാദ്ധ്യമല്ല.

ഈ കാരണത്താലാണ് മലയാളികൾക്കാവശ്യമുള്ള അരിയുടെ പകുതിപോലും കേരളത്തിൽ നിന്നു കിട്ടാത്തതു്; ഇതിന്റെ ഫലമാണ് ഇന്നു നാമനുഭവിക്കുന്ന പട്ടിണി: മാവേലിയുടെ നാട്ടിൽ കൊല്ലംതോറും ക്ഷാമവും ക്ഷാമംമൂലം മരണവും ഉണ്ടാകുവാൻ കാരണം ഈ ഭൂവുടമ സമ്പ്രദായമാണെന്നാണു ഞാൻ പറയുന്നതു്.

ഒന്നേകാൽകോടി മലയാളികൾ എന്ന പുസ്തകത്തിൽ ശങ്കരൻനമ്പൂതിരിപ്പാടവർകൾ കേരളത്തിൽ ബ്രിട്ടീഷ് ഭരണത്തിന്റെ അനുഭവങ്ങളെ നാലു വാക്കുകളിൽ വിവരിക്കുന്നു. പാപ്പരത്തം പണിയില്ലായ്മ പട്ടിണി പകർച്ചവ്യാധി ഈ നാലാപത്തുകളും ആദ്യം കൈത്തൊഴിൽകാരെ അവസാനം ഇടത്തരക്കാരെ ബാധിച്ചു.

ഈ ഇടത്തരവിഭാഗമാണ് മുമ്പുണ്ടായിരുന്ന തങ്ങളുടെ ജോലിയും ആദായവും നഷ്ടപ്പെട്ടു നാട്ടിൽ ഇരുന്നു പൊറുക്കുവാൻ നിവൃത്തിയില്ലാതെ പെനാങ്കിലും കൊളമ്പിലും ബോംബെയിലും പോയിട്ടുള്ളതു്. ഇവരുടെ ഇടയിൽനിന്നുമാണ് മദ്രാസിലെ വെററിലക്കടക്കാരും തമിഴ്നാട്ടിലെ ഹോട്ടലുകളിൽ ദാസ്യവൃത്തിയെടുക്കുന്ന നായർ പയ്യന്മാരും, സിലോണിലെ ചെത്തുകാരും, ബോംബെ ചൗപ്പാത്തിമണപ്പുറത്തുള്ള പതിനാറിയൻ വാലായും ഇറാണിക്കടയിലെ വേലക്കാരും, ഇൻഡ്യയിലെങ്ങുമുള്ള നമ്മിൽ ബഹുഭൂരിപക്ഷവുമുൾപ്പെടുന്ന ഗുമസ്തപട്ടാളവും.

സാമ്പത്തികമായ നാശംമാത്രമല്ല ബ്രിട്ടൻനിമിത്തം നാം അനുഭവിക്കേണ്ടിവന്നിട്ടുള്ളതു്. സാമൂഹ്യവും സാംസ്കാരികവുമായി മലയാളികൾ സ്വതന്ത്രമെന്നഭിമാനിക്കുന്നതെല്ലാം നമ മുക്കങ്ങളായിരുന്നവോ അതെല്ലാം നശിപ്പിക്കുകകൂടി ബ്രിട്ടൻ ചെയ്തു.

നമ്മുടെ കൃഷിയെയും കൈത്തൊഴിലിനെയും മാത്രമല്ല ബ്രിട്ടൻ ഞെക്കിക്കൊന്നിട്ടുള്ളതു. നമ്മുടെ കലകളെയും സാഹിത്യത്തെയും സംസ്കാരത്തെയുംകൂടി നശിപ്പിച്ചിരിക്കുന്നു.

നവീനരീതിയിലുള്ള വ്യവസായങ്ങളുടെ വളർച്ചയെമാത്രമല്ല തടഞ്ഞിട്ടുള്ളതു്. നവീന ശാസ്ത്രങ്ങളുടെ വളർച്ചയെയും തടഞ്ഞിരിക്കുന്നു. ലോകത്തിൽ വളർന്നു പുഷ്ടിപ്പെട്ടിരിക്കുന്ന ശാസ്ത്രവിജ്ഞാനങ്ങളുടെ ഒരു ലവംപോലും കേരളത്തിൽ തടിച്ചിട്ടുണ്ടോ? കേരളം ഇന്നും അന്ധവിശ്വാസത്തിലും അനാചാരത്തിലും കഴിഞ്ഞുകൂടുന്നതേയുള്ളു.

150 കൊല്ലം വിദ്യാഭ്യാസം പ്രചരിപ്പിച്ചതിന്റെ ഫലമായി ഒരു നിഘണ്ടുപോലും നമ്മുടെ ഭാഷയിലില്ല. ബ്രിട്ടീഷ്കാർ ആവിഷ്കരിച്ച വിദ്യാഭ്യാസത്തിന്റെ ഫലമായി എത്ര ശാസ്ത്രജ്ഞന്മാർ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ശങ്കരാചാര്യരുടെ നാട്ടിൽ ഇന്നൊരു തത്വജ്ഞാനിയുണ്ടോ? ശാസ്ത്രജ്ഞന്മാരെയും പണ്ഡിതന്മാരെയുമല്ല ബ്രിട്ടീഷ് സാമ്രാജ്യവാദികളുടെ വിദ്യാഭ്യാസരീതി സൃഷ്ടിച്ചിട്ടുള്ളതു്; പിന്നെയോ ഗുമസ്തന്മാരെയും ടൈപ്പിസ്റ്റുകളെയുമാണ്.

### ഐക്യകേരളം

ഇങ്ങനെ സാമ്പത്തികമായും, സാമൂഹ്യമായും സാംസ്കാരികമായും കേരളത്തെ നശിപ്പിക്കുവാൻ ഏററവും അധികം സഹായിച്ച സംഗതി കേരളത്തിന്റെ ഭരണസംബന്ധമായ അനൈക്യമാണ്.

ഒരേ ഭാഷ സംസാരിക്കുന്നവരും, ഒരേ സംസ്കാരമുൾക്കൊള്ളുന്നവരും, ഒരേ സാമൂഹ്യസമ്പ്രദായങ്ങളെ പിൻതുടരുന്നവരുമായ ഒന്നേകാൽ കോടി മലയാളികൾ ഇന്നു തിരുവിതാംകൂർ കൊച്ചി മലബാർ എന്നു മൂന്നായി മുറിക്കപ്പെട്ടിരിക്കുകയാണ്. ഈ കൃത്രിമമായ വെട്ടിമുറിക്കലാണു മാവേലിനാടിനോടു ചെയ്തിട്ടുള്ള വലിയ അപരാധം എന്നു ഞാൻ പറയും.

അപ്രകൃതമായ വിഭജനം നിലനിൽക്കുന്നിടത്തോളം സാമ്പത്തികമായോ, സാംസ്കാരികമായോ, സാമൂഹ്യമായോ വളരാൻ മലയാളികൾക്കു കഴിവില്ല.

എത്ര കാലമായി നാമൊരു കേരളസർവകലാശാലക്കുവേണ്ടി കൊതിക്കുന്നു. ഇന്നും ഇതൊരാശയമായി മാത്രം കിടക്കുന്നതേയുള്ളു.

കേരളത്തിൽ ഇൻഡ്യയിലെക്കംവച്ച് പ്രധാനമായ ഒരു തുറമുഖമുണ്ട്. കൊച്ചിത്തുറമുഖം. എങ്കിലും അതുമൂലം കേരളത്തിന്റെ വ്യവസായത്തെ വേണ്ടത്ര പുരോഗമിപ്പിക്കുന്നതിനോ, അതിന്റെ കരയിൽ ബോംബെപോലൊരു വ്യാവസായികകേന്ദ്രം ഉയർത്തുന്നതിനോ നമുക്കു കഴിഞ്ഞിട്ടില്ല. കൊച്ചിയും, മട്ടാഞ്ചേരിയും, എന്നാ

RegNo
T. 66

# PRASANNAKERALAM

License No. 390
Dated 15-6-1939

ക്കളവും, ആലുവായും കൂടി ചേർന്നാൽ നവീനരീതിയിലുള്ള ഒരു വമ്പിച്ച നഗരം നമുക്കുയർത്താം.

ഇതു സാധിക്കണമെങ്കിൽ ഐക്യകേരളം സംജാതമാകണം. കാരണം കേരളത്തിലെ വളർന്നുവരുന്ന വ്യവസായികകേന്ദ്രമായ ആലുവാ കൊച്ചീ തുറമുഖത്തിനടുത്താണെങ്കിലും രണ്ടും രണ്ടു ഭരണാധികാരികളുടെ അധീനത്തിലാണ്. ഇതു നമ്മുടെ വ്യവസായാഭിവൃദ്ധിയെ തടയുന്നു.

കേരളത്തിലെ കൃഷിയും, വ്യവസായവും വ്യാപാരവും വളരണമെങ്കിൽ ഓരോ വിഭാഗങ്ങളിലും കഴിവുകളുള്ള കൊച്ചിയും മലബാറും തിരുവിതാംകൂറും യോജിച്ചു പ്രവർത്തിക്കണം.

ഇന്നു മലബാറിനെയും കൊച്ചിയേയും തിരുവിതാംകൂറിനെയും കൂട്ടിച്ചേർക്കുന്ന ഒരു തീവണ്ടിപ്പാതയില്ല. മദ്രാസിൽ നിന്നു പുറപ്പെടുന്ന ഹിന്ദുപത്രം തിരുവനന്തപുരത്തെത്തി ഒരു ദിവസം കഴിഞ്ഞേ കോഴിക്കോട്ടുനിന്നുമുള്ള ദേശാഭിമാനിപത്രം അവിടെ എത്തൂ. ഇതു കേരളീയരുടെ സാംസ്കാരികവും സാമുഹ്യവുമായ വളർച്ചയെ എത്രമാത്രം തടയുന്നു എന്നു പറയേണ്ടതില്ലല്ലോ.

ആലുവായിൽ ചുങ്കം, അങ്കമാലിയിൽ ചുങ്കം, കറുകുറ്റിയിൽ ചുങ്കം ഇങ്ങനെ ഒരേനാട്ടിൽതന്നെ നൂറു ചുങ്കങ്ങളും അതിർത്തികളും ഉണ്ടെന്നുവന്നാൽ വ്യവസായം എങ്ങനെ വളരും?

### രണ്ടാം മാവേലിനാട്

ആയിരമായിരംകൊല്ലങ്ങൾക്കപ്പുറം മറഞ്ഞുപോയ മാവേലിനാട്ടിലേക്കു തിരിച്ചുപോകുവാൻ നമുക്കു സാധ്യമല്ല. എന്നാൽ അന്നത്തെപ്പോലെ സമത്വവും സുന്ദരവുമായ ഒരു കേരളം സൃഷ്ടിക്കുവാൻ ഇന്നു നമുക്കു കഴിയും. ഇരുപതാംനൂറ്റാണ്ടിൽ പുതിയ മാവേലിനാട് നമുക്കുണ്ടാക്കാം.

ഈ തടസ്സങ്ങൾ തട്ടിനീക്കി "മാവേലി നാടുവാഴുംകാലം" യഥാർത്ഥമാക്കിത്തീർത്ത ഒരു രാജ്യമുണ്ട്. സോവിയററുറഷ്യ.

നമ്മുടേതുപോലെതന്നെ ഫലഭൂയിഷ്ഠമായ ഭൂമി നമ്മളെപ്പോലെതന്നെ ദരിദ്രരായ നാട്ടുകാർ എന്നിതുരണ്ടുമുണ്ടായിരുന്ന പഴയ റഷ്യൻ സാമ്രാജ്യത്തെ സ്വതന്ത്രരും സംസ്കൃതചിത്തരുമായ, പട്ടിണിയും പണിയില്ലായ്മയും പകർച്ചവ്യാധിയും തീണ്ടാത്ത ജനങ്ങളുടെനാടാക്കി മാററാൻ ജന്മിമുതലാളി സമ്പ്രദായങ്ങളെയും സാമ്രാജ്യാധിപത്യങ്ങളെയും നശിപ്പിച്ചു അന്നാട്ടിലെ ജനങ്ങൾക്കു കഴിഞ്ഞു. എന്തിന്റെ ഓർമ്മയ്ക്കായിട്ടാണോ നാം കൊല്ലംതോറും ചടങ്ങായിട്ടെങ്കിലും ഓണം ആഘോഷിക്കുന്നതു് ആ സുഖവും സമൃദ്ധിയും സമത്വവും കൊല്ലത്തിൽ 365 ദിവസവും അനുഭവിക്കുന്നവരാണ് സോവിയററുറഷ്യയിലെ 19 കോടി ജനങ്ങളും.

നമുക്കും ഇതെല്ലാം സാദ്ധ്യമാണ്. നമ്മുടെവയലുകളും പറമ്പുകളും ഫാക്ടറികളും ഖനികളും ഇന്നത്തെ മാതിരി 'സാമുവൽ ആരോൺമാ'രെപ്പോലെയും, കല്യാട്ടുജന്മിയെപ്പോലെയുമുള്ള ഒരുപിടി സ്വത്തുകാരുടെ ലാഭത്തിനുള്ള ആയുധമാക്കാതെ നാട്ടുകാരുടെ ആവശ്യത്തിനും ജനപ്രതിനിധികളുടെ അഭിപ്രായത്തിനും ഒത്തു് ഉപയോഗിച്ചാൽ ഇന്നുള്ള പട്ടിണിയും അസമത്വങ്ങളും ഇല്ലാതാക്കാൻ കഴിയും. ഇന്ന് ഉപയോഗശൂന്യമായി ഇട്ടിരിക്കുന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തി നമ്മുടെ കൃഷിയും വ്യവസായവും വളർത്താം. ഓരോ ആൾക്കും ഉണ്ണാനും ഉടുക്കാനും പഠിക്കാനും വേണ്ടതെല്ലാം നമുക്കുണ്ടാക്കാം. നമുക്കാവശ്യമുള്ള അരിമുഴുവൻ കേരളത്തിൽ തന്നെ വിളയിക്കാം. റേഷ്യനും പട്ടിണിയും ഇല്ലാതാക്കാം. മലനാട്ടിലുള്ള അഞ്ചുലക്ഷങ്ങൾക്കും തൊഴിലും ആദായവും നാട്ടിൽ തന്നെ ഉണ്ടാക്കാം.

---

(8-ാം പേജിൽനിന്നു തുടർച്ച)

ണിയൽ ജനതയ്ക്കു് പുരോഗമനപ്രസ്ഥാനങ്ങളുടെ വിശ്വാസം സമാർജിക്കാമെന്നാശിക്കുന്നതു കുറെ അതിരുകടന്നതാണ്, സാർവലൗകിക കാര്യങ്ങളിൽ ശത്രുവിനെയും ബന്ധുവിനെയും നമുക്കു തിരിച്ചറിയാൻ പാടില്ലാതാക്കിത്തീർക്കുന്ന പ്രചരണം ആത്മാർത്ഥതയുടെ പേരിലായാലും ക്ഷന്തവ്യമല്ല

ഇന്ത്യയിലെ സ്ഥിതിതന്നെ എടുത്താലും ഇതുതന്നെയാണു ഗതി, ലീഗും, കമ്മ്യൂണിസ്റ്റ് കക്ഷിയും ഇവിടെ ശക്തികളായി ഉറച്ചുകഴിഞ്ഞു. ഇനി ആ കക്ഷികളെപ്പററി വിദ്വേഷംപരത്തി ഭിന്നിപ്പുണ്ടാക്കുകയല്ല രാജ്യക്ഷേമകരമായപരിപാടി. മുസ്ലീം ലീഗിലാണ്. തൊഴിലാളി കമ്മ്യൂണിസ്റ്റുകാരെ വിട്ടുപോകുമെന്നാശിക്കാൻ ഒരു മാർഗ്ഗവും കാണുന്നില്ല. അവരോടുചേർന്ന് ഒരു യോജിപ്പുണ്ടാക്കികൊണ്ടുപോവുകയാണു വേണ്ടതെന്നു "ദേശീയ"പത്രങ്ങളും അതുപോലെതന്നെ ലീഗ് കമ്മ്യൂണിസ്റ്റ് പത്രങ്ങളും ധരിച്ചിരുന്നെങ്കിൽ നന്നായിരുന്നു.

---

(5-ാം പേജിൽനിന്നു തുടർച്ച)

വൻ മനസ്സില്ലാമനസ്സോടെ ആ "ജനസേവനത്തി"നു സമ്മതിച്ചു.

* * * *

ആ ബസ്സിൽ അവർ 7 പേരുണ്ടായിരുന്നു. ബസ്സിന്റെ മുമ്പിൽ ത്രിവർണ്ണപതാക പാറിക്കളിച്ചിരുന്നു ബസ് പതുക്കെ പട്ടണത്തിലേക്കു കടന്നു. ആളുകൾ അവരെ അവജ്ഞയോടുകൂടിനോക്കി. ചിലർ പരിഹസിച്ചു. ചിലർ ബസ്സിന്റെ നേരെ കാർക്കിച്ചുതുപ്പി.

കരിങ്കാലി! കരിങ്കാലി; എല്ലാവരും കൂക്കിവിളിച്ചു.

സഹോദരന്മാരെ ഞങ്ങളുടെ വയററത്തടിക്കരുതെ; പ്രചരണംനടത്തിയിരുന്ന റെയിൽവെ തൊഴിലാളികൾ വിളിച്ചുപറഞ്ഞു.

മാധവൻ അമ്പരന്നു. താൻ യജമാനസേവനത്തിനു പുറപ്പെട്ടിരിക്കുമ്പോൾ ജനങ്ങളെന്തു തന്നെ വെറുക്കാൻ അയാൾക്കു യഥാർത്ഥ്യങ്ങൾ മനസ്സിലായിത്തുടങ്ങി

താൻ ഒരു നികൃഷ്ടജന്തുവായി അധഃപതിച്ചിരിക്കുന്നതായി അയാൾക്കു തോന്നി. അയാൾതന്നെ കണക്കിലേറെ വെറുത്തു............

പൊൻമലയിൽ റെയിൽവെ തൊഴിലാളികളുടെ നേരെ വെടിവച്ചു. 4 പേർ മരിച്ചു.

മാധവൻ പിന്നീടൊന്നും ആലോചിച്ചില്ല

നിർത്തു! അയാൾ ഡ്രൈവറോടു അട്ടഹസിച്ചു.

പക്ഷെ ബസ് നിന്നില്ല അതു നേരെ റെയിൽവെസ്റ്റേഷനിലേക്കു കുതിക്കുകയാണ്

നിർത്തണം മാധവൻ ഒന്നുകൂടി ഉച്ചത്തിൽ പറഞ്ഞു

രണ്ടുനിമിഷങ്ങൾകഴിഞ്ഞു പ്ധീം മാധവൻ ഓടുന്ന ബസ്സിൽനിന്നൊടുത്തൊരൊററ ചാട്ടംകൊടുത്തു.

ആശുപത്രിയിലെത്തി മൂന്നു മണിക്കൂർ കഴിഞ്ഞതിനുശേഷമാണു അയാൾക്കു ബോധംവീണതു

Z Z X

റെയിൽതൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിക്കുക

അതൊരു ഘോഷയാത്രയാണ്. ആളുകൾ അൽഭുതത്തോടുകൂടി നോക്കി. അവിടെ പല മീററിങ്ങുകൾ നടന്നിട്ടുണ്ട്. പക്ഷെ അവരിൽ പലരും ഘോഷയാത്ര കണ്ടിട്ടില്ലാത്തവരാണ്.

ഘോഷയാത്ര മുന്നോട്ടുനീങ്ങി. അതു നയിച്ചിരുന്നതു മാധവനായിരുന്നു. അയാൾ പിടിച്ചിരുന്ന ചെങ്കൊടിയുടെ ശോണിമ ഒരു പുതിയ യുഗപ്പിറപ്പിന്റെ പുലരിത്തുടുപ്പുപോൽ പ്രശോഭിച്ചു.

Printed at thePowradhwanyPress,Kottayam&Published by Anjiliparampil Kumaran at Kottayam